# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.വി.എം/ബി.പി / 647/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 01/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ, തിരുവനന്തപുരം

നമ്പർ: കെ.എസ്.എ.ടി.വി.എം/ബി.പി / 647/2022 തീയ്യതി: 01/06/2022

## തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമ്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി ഷീല ഉബാൾഡ് | ജോയിന്റ് ഡയറക്ടർ | 05-04-2022 | 16-04-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 05-04-2022 | 16-04-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ആർ.സുഭാഷ് | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| ഉദ്യോഗസ്ഥ ഭരണ | പ്രസിഡന്റ് | 12-11-2020 | 29-12-2020 |

| | | | |
|---|---|---|---|
| സമിതി | | | |
| ശ്രീമതി ഒ.എസ്.അംബിക | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. ലെനിൻ.എൽ. | സെക്രട്ടറി | 01-04-2020 | 06-02-2021 |
| ശ്രീ. രാജീവ്.എസ്.ആർ. | സെക്രട്ടറി-ഇൻ-ചാർജ്ജ് | 07-02-2021 | 10-02-2021 |
| ശ്രീ. ജോർജ് അലോഷ്യസ് | സെക്രട്ടറി | 11-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി രാജലക്ഷ്മി.എം. | ശിശു വികസന പ്രോജക്ട് ഓഫീസർ | 01-04-2020 | 28-02-2021 |
| ശ്രീമതി അർച്ചന.എ.ആർ. | ശിശു വികസന പ്രോജക്ട് ഓഫീസർ | 01-03-2021 | 31-03-2021 |
| ശ്രീ. ലെനിൻ.എൽ. | സെക്രട്ടറി | 01-04-2020 | 06-02-2021 |
| ശ്രീ. രാജീവ്.എസ്.ആർ. | സെക്രട്ടറി-ഇൻ-ചാർജ് | 07-02-2021 | 10-02-2021 |
| ശ്രീ. ജോർജ് അലോഷ്യസ് | സെക്രട്ടറി | 11-02-2021 | 31-03-2021 |
| ശ്രീമതി സനുജ ബീഗം.എം.ആർ. | പട്ടികജാതി വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ. ഷ്യാംജി വോയിസ് | മെഡിക്കൽ ഓഫീസർ -സി.എച്ച്.സി അഞ്ചുതെങ്ങ് | 01-04-2020 | 31-03-2021 |
| ശ്രീ. നൌഷാദ്.എ. | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി വിമലകുമാരി അമ്മാൾ.കെ. | ക്ഷീര വികസന ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി ജയന്തി.ബി. | വ്യവസായ വികസന ഓഫീസർ | 01-04-2020 | 31-05-2020 |
| ശ്രീ. ബിജു.എം.എസ്. | വ്യവസായ വികസന ഓഫീസർ | 01-06-2020 | 19-08-2020 |
| ശ്രീമതി ജാസ്മിൻ.ബി. | വ്യവസായ വികസന ഓഫീസർ | 20-08-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി ഷീല.വി.കെ. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2020 | 31-05-2020 |
| ശ്രീ. അപ്പൻ.എസ്. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-06-2020 | 12-01-2021 |
| ശ്രീ. ജ്യോതിഷ് ചന്ദ്രൻ.ജി. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 13-01-2021 | 31-03-2021 |
| ഡോ. ഷബ്ന.ഡി.എസ്. | സൂപ്രണ്ട് - താലൂക്ക് ആശുപത്രി | 01-04-2020 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Swapna.S (Senior Grade Auditor, On 14-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 28-05-2022) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Swapna.S (Senior Grade Auditor, On 13-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 28-05-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)<br>Written By: Swapna.S (Senior Grade Auditor, On 14-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 28-05-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Manesh.B.H (Audit Officer, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-05-2022) | 1-4 |
| 5 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Manesh.B.H (Audit Officer, On 11-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-05-2022) | 1-5 |
| 6 | ക്യാഷ് പരിശോധന<br>Written By: Manesh.B.H (Audit Officer, On 10-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-05-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം<br>Written By: Manesh.B.H (Audit Officer, On 19-04-2022)<br>Last Updated By: Manesh.B.H (Audit Officer, On 19-04-2022) | 1-7 |
| 8 | അഡ്വാൻസ് നിലനിൽക്കെ വൈദ്യുതിചാർജ് വീണ്ടും ഒടുക്ക് വരുത്തി<br>Written By: Sebin Sebastian (Auditor, On 16-04-2022)<br>Last Updated By: Manesh.B.H (Audit Officer, On 17-04-2022) | 1-8 |
| 9 | വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ  അപാകങ്ങൾ<br>Written By: Sebin Sebastian (Auditor, On 16-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-05-2022) | 1-9 |
| 10 | കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് സൂക്ഷിപ്പിലെ അപാകങ്ങൾ<br>Written By: Sebin Sebastian (Auditor, On 17-04-2022)<br>Last Updated By: Sebin Sebastian (Auditor, On 17-04-2022) | 1-10 |
| 11 | ഓഡിറ്റ് - തുടർ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്<br>Written By: Manesh.B.H (Audit Officer, On 17-04-2022)<br>Last Updated By: Manesh.B.H (Audit Officer, On 17-04-2022) | 1-11 |
| 12 | ആസ്തി രജിസ്റ്റർ കാലികവും പൂർണവുമല്ല<br>Written By: Manesh.B.H (Audit Officer, On 17-04-2022)<br>Last Updated By: Manesh.B.H (Audit Officer, On 17-04-2022) | 1-12 |
| 13 | പ്രൊക്യൂർമെന്റ് മാർഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല<br>Written By: Manesh.B.H (Audit Officer, On 17-04-2022)<br>Last Updated By: Manesh.B.H (Audit Officer, On 19-04-2022) | 1-13 |
| 14 | എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു<br>Written By: Manesh.B.H (Audit Officer, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-05-2022) | 1-14 |
| 15 | ഏലാപ്പുറം ഏലാത്തോട് - സൈഡ് വാൾ നിർമ്മാണം കുഴിച്ചെടുത്ത മണ്ണ് പുനരുപയോഗിച്ചില്ല<br>Written By: Manesh.B.H (Audit Officer, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-05-2022) | 1-15 |
| 16 | ഗ്രാമ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് ടൈലിംഗ് പ്രവൃത്തികൾ ചെയ്ത സ്കൂളിൽ ടൈലിംഗിനായി എസ്റ്റിമേറ്റ് തയ്യാറാക്കി | 1-16 |

| | | |
|---|---|---|
| | Written By: Manesh.B.H (Audit Officer, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-05-2022) | |
| 17 | എസ്റ്റിമേറ്റിലുൾപ്പെടുത്തിയ അവശ്യ ഇനങ്ങൾ ഒഴിവാക്കി നടപ്പാക്കിയതിനാൽ പ്രവൃത്തി ലക്ഷ്യം കണ്ടില്ല<br>Written By: Manesh.B.H (Audit Officer, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-05-2022) | 1-17 |
| 18 | സെക്രട്ടറി നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - വിനിയോഗ വിവരം ലഭ്യമല്ല -3067302 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-05-2022) | 1-18 |
| 19 | കമ്പ്യൂട്ടറുകൾ വാങ്ങൽ -സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല<br>Written By: Lisha.K.V (Asst. Audit Officer, On 17-04-2022)<br>Last Updated By: Manesh.B.H (Audit Officer, On 19-04-2022) | 1-19 |
| 20 | സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചു - 100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 17-04-2022)<br>Last Updated By: Lisha.K.V (Asst. Audit Officer, On 25-05-2022) | 1-20 |
| 21 | കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ - വിനിയോഗ വിവരം ലഭ്യമല്ല - 300000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-05-2022) | 1-21 |
| 22 | ടി എസ് പി ഫണ്ട് തിരിച്ചടവാക്കാൻ കാല താമസം<br>Written By: Lisha.K.V (Asst. Audit Officer, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-05-2022) | 1-22 |
| 23 | സർക്കാർ നിർദ്ദേശത്തിൽ നിന്നും വിഭിന്നമായി സബ്സിഡി തുക കൈമാറി<br>Written By: Lisha.K.V (Asst. Audit Officer, On 18-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-05-2022) | 1-23 |
| 24 | പി എം എ വൈ പദ്ധതി - പൂർത്തിയാക്കാത്ത ഭവനങ്ങൾ - നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്<br>Written By: Lisha.K.V (Asst. Audit Officer, On 18-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-05-2022) | 1-24 |
| 25 | പഠനമുറി (എസ് സി പി) - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ<br>Written By: Swapna.S (Senior Grade Auditor, On 14-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 01-06-2022) | 1-25 |
| 26 | അധിക വിസ്തൃതിയിലുള്ള വീടിന് പഠന മുറിക്കായി ധനസഹായം<br>Written By: Swapna.S (Senior Grade Auditor, On 14-04-2022)<br>Last Updated By: Manesh.B.H (Audit Officer, On 19-04-2022) | 1-26 |
| 27 | സ്നേഹസ്പർശം- രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല - 1622610 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Swapna.S (Senior Grade Auditor, On 14-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-05-2022) | 1-27 |
| 28 | ഭിന്ന ശേഷിക്കാർക്ക് ട്രൈസ്കൂട്ടർ - വിതരണത്തിലെ അപാകതകൾ - 92726/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Swapna.S (Senior Grade Auditor, On 14-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-05-2022) | 1-28 |
| 29 | പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ വിവരം ലഭ്യമല്ല -437500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Lisha.K.V (Asst. Audit Officer, On 19-04-2022)<br>Last Updated By: Manesh.B.H (Audit Officer, On 19-04-2022) | 1-29 |
| 30 | ഐ എ വൈ ലോൺ തിരിച്ചടവ്- അപാകങ്ങൾ<br>Written By: Lisha.K.V (Asst. Audit Officer, On 19-04-2022)<br>Last Updated By: Manesh.B.H (Audit Officer, On 19-04-2022) | 1-30 |

| | | |
|---|---|---|
| 31 | സി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല<br>Written By: Sebin Sebastian (Auditor, On 16-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-05-2022) | 1-31 |
| 32 | താലൂക്ക് ആശുപത്രി സൂപ്രണ്ട് നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകങ്ങൾ<br>Written By: Manesh.B.H (Audit Officer, On 17-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-05-2022) | 1-32 |
| | ഭാഗം **2** | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 19-04-2022)<br>Last Updated By: Manesh.B.H (Audit Officer, On 19-04-2022) | 2-1 |
| | ഭാഗം **3** | |
| 1 | ഇല്ല<br>Written By: Manesh.B.H (Audit Officer, On 19-04-2022)<br>Last Updated By: Manesh.B.H (Audit Officer, On 19-04-2022) | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Swapna.S (Senior Grade Auditor, On 13-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 01-06-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം<br>Written By: Swapna.S (Senior Grade Auditor, On 13-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 01-06-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Manesh.B.H (Audit Officer, On 11-04-2022)<br>Last Updated By: Manesh.B.H (Audit Officer, On 11-04-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Swapna.S (Senior Grade Auditor, On 13-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-05-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Manesh.B.H (Audit Officer, On 11-04-2022)<br>Last Updated By: Manesh.B.H (Audit Officer, On 11-04-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Manesh.B.H (Audit Officer, On 11-04-2022)<br>Last Updated By: Manesh.B.H (Audit Officer, On 11-04-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Manesh.B.H (Audit Officer, On 11-04-2022)<br>Last Updated By: Manesh.B.H (Audit Officer, On 11-04-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Manesh.B.H (Audit Officer, On 11-04-2022)<br>Last Updated By: Manesh.B.H (Audit Officer, On 11-04-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Manesh.B.H (Audit Officer, On 19-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 30-05-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Manesh.B.H (Audit Officer, On 11-04-2022)<br>Last Updated By: Sreelatha Devi N (Computer Assistant, On 01-06-2022) | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 1/3 തീയതി 23.03.2020-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 640374361/- രൂപ വരവും ചെലവ് 633425800/- രൂപയുമാണ്.

ബജറ്റ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1)വാർഷിക ബജറ്റ്, ഫങ്ഷൻ ഫങ്ഷനറി അക്കൗണ്ട് കോഡ് അടിസ്ഥാനത്തിൽ തയ്യാറാക്കണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യ പത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇതേവിഷയം പരാമർശിച്ചിട്ടുണ്ടെങ്കിലും 2020-21 വർഷത്തിലും തൽസ്ഥിതി തുടരുകയാണ്. ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 14/.04.2022)ലഭ്യമാക്കിയ മറുപടിയിൽ ഡബിൾ എൻട്രി സമ്പ്രദായത്തിൽ ബജറ്റ് തയ്യാറാക്കുവാൻ ശ്രമിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

2) 2.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. പഞ്ചായത്തിന്റെ വരുമാനവും ചെലവും സംബന്ധിച്ച് മാന്വലിൽ വ്യക്തമാക്കിയ പട്ടികകൾ [ Table 4-1, Table 4-2] പ്രകാരം വിവരം തയ്യാറാക്കി ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ മാസം തോറുമുള്ള അവലോകനം (Review) നടത്താൻ ബജറ്റ് മാന്വൽ ഖണ്ഡിക 4-3 നിഷ്കർഷിക്കുന്നു. ഇപ്രകാരമുള്ള അവലോകനം എല്ലാ മാസവും 1-ാം തീയതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നിർവ്വഹിക്കേണ്ടതായിട്ടുണ്ട് [ബജറ്റ് മാന്വൽ ഖണ്ഡിക 4-4(iii)]. മുകളിൽ വ്യക്തമാക്കിയ പ്രകാരമുള്ള മാസം തോറുമുള്ള ബജറ്റ് അവലോകനം നടത്തിയത് സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് പഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പഞ്ചായത്ത് ഇപ്രകാരമുള്ള ഒരു ബജറ്റ് അവലോകനം (2020-21 സാമ്പത്തിക വർഷത്തെ സംബന്ധിച്ച്) നടത്തിയത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല.

പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ചും ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(xi) വ്യക്തമാക്കുന്നു. ഇപ്രകാരമുള്ള ബജറ്റ് അവലോകനം സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശം നൽകി വരുന്നതായി അറിയിച്ചിട്ടുണ്ട്.

3) അനുപൂരകബജറ്റോ പുതുക്കിയ ബജറ്റോ കൂടാതെ ബജറ്റ് റിവൈസ് ചെയ്തു

2020-21ലേയും 2021-22ലേയും ബജറ്റ് പരിശോധിച്ചതിൽ ചില ഇനങ്ങൾക്ക് 2020-21 ലെ ബജറ്റ് തുകയിൽ നിന്ന് 2021-22ലെ ബജറ്റിൽ റിവൈസ്ഡ് തുക ഉൾപ്പെടുത്തിയതായി കാണുന്നു. എന്നാൽ ബജറ്റ് പുതുക്കി പാസ്സാക്കിയതിന്റെ വിശദാംശം ഫയലിൽ ലഭ്യമല്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | 2020-21ലെ ബജറ്റ് പ്രകാരമുള്ള തുക | 2021-22 ലെ ബജറ്റ് പ്രകാരം ഉൾപ്പെടുത്തിയിരിക്കുന്ന തുക |
|---|---|---|
| ഐ എസ് ഒ സർട്ടിഫിക്കേഷൻ | 0 | 850000 |
| പ്രത്യേക പ്രോത്സാഹന സമ്മാനം (എസ്.എസ് എൽ സി, പ്ലസ് ടു, ഡിഗ്രി) | 0 | 650000 |
| സ്വയം തൊഴിൽ സബ്സിഡി | 0 | 40000 |
| സുരക്ഷ സമഗ്ര മാനസികാരോഗ്യ പരിപാടി | 0 | 300000 |

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ചെലവിന്റെ കാര്യത്തിൽ

പ്രത്യേകിച്ചും. ആവശ്യമായ ബജറ്റ് വകയിരുത്തൽ ഇല്ലാതെ യാതൊരു ചെലവും ചെയ്യാൻ പാടുള്ളതല്ലെന്ന് കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(6),214(8) എന്നിവയിൽ സൂചിപ്പിച്ചിട്ടുണ്ട്.

ഇപ്രകാരം 2020-21 ലെ ബജറ്റ് പ്രകാരമുള്ള തുക, 2021-22 ലെ ബജറ്റിൽ പുതുക്കിയതായി കാണുന്നുണ്ടെങ്കിലും അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല. മുൻകൂട്ടി അറിയാൻ കഴിയാത്തതിനാലാണ് ഇത്തരത്തിൽ ചെലവ് ചെയ്തതെന്ന് വിശദീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2021 | 15.06.2021 |

അക്കൌണ്ട് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1)2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-4 Schedule പ്രകാരം തനതു ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ച തുകകൾ 2020-21 വർഷവും ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320100115 | ടോട്ടൽ സാനിട്ടേഷൻ കാമ്പയിൻ | 102232 |
| 2 | 320100204 | ഗ്രാന്റ്സ്, ഫണ്ട്സ്, സ്പെസിഫിക്ക് പർപ്പസ് കോൺട്രിബ്യൂഷൻ- സെന്റ്രൽ ഗവൺമെന്റ് ഗ്രാന്റ്സ് | 189700 |
| 3 | 320300199 | ഗ്രാന്റ്സ്, ഫണ്ട്സ്, സ്പെസിഫിക്ക് പർപ്പസ് കോൺട്രിബ്യൂഷൻ- മറ്റ് ഗവൺമെന്റ് ഗ്രാന്റ്സ് | 50000 |
| 4 | 320700403 | സ്പെസിഫിക്ക് പർപ്പസ് കോൺട്രിബ്യൂഷൻ (റവന്യൂ എക്സ്പെന്റിച്ചർ) വില്ലേജ് പഞ്ചായത്ത് | 636050 |
| 5 | 320800101 | ഗുണഭോക്തൃ വിഹിതം | 26250 |

പ്രസ്തുത തുകകൾ ക്രെഡിറ്റ് ചെയ്തിട്ടുള്ള അക്കൗണ്ടിന്റെ വിശദാംശം, പ്രസ്തുത ഫണ്ടുകളുമായി ബന്ധപ്പെട്ട പദ്ധതിയുടെ വിശദാംശം, പ്രസ്തുത തുകകൾ വർഷങ്ങളായി ചെലവഴിക്കാത്തതിനും ആയത് ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ തിരികെ അടവാക്കാത്തതിനുമുള്ള കാരണം എന്നിവ ലഭ്യമാക്കിയിട്ടില്ല.

2) 2020-21 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം താഴെ ചേർത്തിരിക്കുന്ന ഇനങ്ങളിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു.

| ക്രമ നമ്പർ | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320100110 | Centrally Sponsored Scheme – | 2632942 |

| | | | |
|---|---|---|---|
| | | Indira Awas Yojana (IAY) - General | |
| 2 | 320100115 | Centrally Sponsored Scheme - Total Sanitation Campaign | 102232 |
| 3 | 320100118 | Centrally Sponsored Scheme – Integrated Watershed Management Programme (IWMP) | 128343 |
| 3 | 320200101 | Development Fund – General - Capital | 1174375 |
| 4 | 320200103 | Development Fund – Tribal Sub Plan - Capital | 149000 |
| 5 | 320200104 | Development Fund – Central Finance Commission Grant | 2067513 |
| 6 | 320700203 | Contributions For Joint Venture Projects For Revenue Expenditure- From Village Panchayats | 1132974 |
| 7 | 320700403 | Contributions For Other Specific Purposes For Revenue Expenditure- From Village Panchayats | 636050 |
| 8 | 320700405 | Contributions For Other Specific Purposes For Revenue Expenditure- From District Panchayats | 6120163 |

പ്രസ്തുത തുകകൾ ക്രെഡിറ്റ് ചെയ്തിട്ടുള്ള അക്കൗണ്ട്, പ്രസ്തുത ഫണ്ടുകളുമായി ബന്ധപ്പെട്ട പദ്ധതികൾ, പ്രസ്തുത തുകകൾ ചെലവഴിക്കാത്തതിന് കാരണം എന്നിവ ലഭ്യമാക്കിയിട്ടില്ല.

3) 2020-21 സാമ്പത്തിക വർഷത്തെ B4 ഷെഡ്യൂളിലെ ഗുണഭോക്തൃ വിഹിതം ഇനത്തിൽ 26250രൂപ നീക്കിയിരിപ്പുണ്ട്. 2019-20 വർഷത്തെ B4 ഷെഡ്യൂളിലും പ്രസ്തുത തുക ഉണ്ടായിരുന്നു. ആയത് 2020-21 വർഷത്തിലും ചെലവ് ചെയ്തിട്ടില്ല. പ്രസ്തുത തുകയുമായി ബന്ധപ്പെട്ട പദ്ധതിയുടെ വിശദാംശം മേൽ തുക നീക്കിയിരിപ്പ് വന്നതിന്റെ കാരണം ലഭ്യമാക്കിയിട്ടില്ല.

4) (എ) വാർഷിക ധനകാര്യ പത്രികയിൽ RP-34(വരവ്) പ്രകാരം ഡെപ്പോസിറ്റ് റിസീവ്ഡ് ഫ്രം അദേഴ്സ് എന്ന ഇനത്തിൽ 541199 രൂപ വരവുണ്ട്, ആയത് സാധൂകരിക്കുന്ന രേഖകൾ, ഡെപ്പോസിറ്റ് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

(ബി)Contractor's Earnest Money Deposit, Contractors' Retention, Other Deposits, Auction Deposit, Rent Deposit, Water Deposit, Other Deposits Revenue, എന്നീ ഇനങ്ങളിൽ B-7 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പുള്ള തുക 2019-20 വർഷത്തിലും നീക്കിയിരിപ്പുള്ള തുകയാണ്. കേരള ഫിനാൻഷ്യൽ കോഡ് വാല്യം-I ആർട്ടിക്കിൾ 282(1) പ്രകാരം ഡെപ്പോസിറ്റുകൾ മൂന്നു വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ച് വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. മേൽ ഡെപ്പോസിറ്റുകൾ കാലഹരണപ്പെട്ടതാണോയെന്ന് പരിശോധിച്ച് അവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

5) (എ) B-9ഷെഡ്യൂളിലെ ചുവടെ ചേർക്കുന്ന നീക്കിയിരിപ്പുകൾ പരിശോധിക്കുന്നതിനുള്ള രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| | |
|---|---|
| Contractor's Control Account | 450 |
| Government And Other Dues Payable - Service Tax | 7189 |
| Government And Other Dues Payable-VAT | 972 |
| Refunds Payable- Others | 27810 |
| Other Creditors | 3853526 |
| Other Liabilities | 1616314 |

(ബി) 2019-20 ബാലൻസ് ഷീറ്റ് പ്രകാരം റിക്കവറി ഇനത്തിൽ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുകകൾ 2020-21 വർഷവും ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ ഒടുക്ക് വരുത്തിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൌണ്ട് | ഇനം | തുക |
|---|---|---|---|
| 1 | 350100201 | Contractor's Control Account | 450 |
| 2 | 350300104 | Government And Other Dues Payable - Service Tax | 7189 |
| 3 | 350300103 | Government And Other Dues Payable-VAT | 972 |
| 4 | 350409901 | Refunds Payable- Others | 27810 |

6) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ 2020-21 വർഷത്തെ പാർട്ട് ബില്ലുകളുടെ റിപ്പോർട്ട് പ്രകാരം അഞ്ച് ബില്ലുകളിലായി 1788962/- രൂപ പാർട്ട് പേയ്മെന്റ് ഉണ്ട്. അക്കൌണ്ട്സിലെ B-11 (A) ഷെഡ്യൂൾ പ്രകാരം Capital Work In

Progress ഇനത്തിൽ തുക ഉൾപ്പെടുത്തിയിട്ടില്ല.

7) മുൻകൂറുകൾ ചെലവഴിക്കാനാവശ്യമായ നടപടി ക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്. വിശദാംശം ചുവടെ.

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | 2019-20 B-18 പ്രകാരം നീക്കിയിരിപ്പ് | 2020-21 B-18 പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|
| 460500201 | Advance To Implementing Agencies -Deposit With Kerala Water Authority | 734586 | 3241888 |

2020-21 വർഷം കേരള വാട്ടർ അതോറിറ്റിക്ക് 2507302/- ഡെപ്പോസിറ്റ് വർക്കുകൾക്കായി മുൻകൂർ നൽകിയിട്ടുണ്ട്. B-18 ഷെഡ്യൂളിലെ നീക്കിയിരിപ്പിന്റെ ആധികാരികത പരിശോധിക്കുന്നതിനായി അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8) സാമ്പത്തിക വർഷാന്ത്യത്തിൽ ബ്ലോക്ക് പഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand രേഖപ്പെടുത്തിയിട്ടില്ല.

9) ബാങ്ക് ബുക്ക്,ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് എന്നിവ പ്രിന്റെടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

10) 2020-21 വർഷത്തെ B-4 ഷെഡ്യൂൾ പ്രകാരം പ്രത്യേക ഉദ്ദേശ ഗ്രാന്റിലെ നീക്കിയിരിപ്പും B-17, RP-40(b) ഷെഡ്യൂളിലെ നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | B-17, RP-40(b) ഷെഡ്യൂളിലെ നീക്കിയിരിപ്പ് |
|---|---|---|---|
| 320100118 | CSS- Integrated Watershed Management Program (IWMP) | 661026 | 6842 |

11) 2020-21 വർഷത്തെ RP-40(b) പ്രകാരം Industrial Development Bank Of India (80972) അക്കൌണ്ട് പ്രകാരം 4886437/- രൂപയുടെ നീക്കിയിരിപ്പുണ്ട്. Total Sanitation Campaign ന വേണ്ടി അനുവദിക്കുന്ന തുക വർഷാവർഷം ചെലവ് ചെയ്യാത്തതിനാലാണ് ഇത്തരത്തിൽ നീക്കിയിരിപ്പ് ഉണ്ടായത്. ഈ ഇനത്തിൽ ഈ വർഷം ലഭിച്ച 102232/- രൂപയും ചെലവ് ചെയ്തിട്ടില്ല.

12) MGNREGS അക്കൌണ്ടിന്റെ മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ വാർഷിക ധനകാര്യ പത്രികയിൽ RP-40(a), RP-40(b) എന്നിവയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കായി പഞ്ചായത്തിൽ നിന്നും നൽകിയ തുക റീക്കൂപ്പ് ചെയ്തത് RP47 Loans, Advances And Deposits എന്ന ഹെഡ്ഡിൽ Other Advances ഇനത്തിൽ 684749/- രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

13) 2020-21 സാമ്പത്തിക വർഷത്തെ AFS പ്രകാരം സംയുക്ത പ്രോജക്ടുകൾക്കും, പ്രത്യേക ഉദ്ദേശ്യങ്ങൾക്കായും ജില്ലാ പഞ്ചായത്ത്, ഗ്രാമ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നും ലഭിച്ച വിഹിതത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കോഡ് | ഇനം | മുന്നിരിപ്പ് 2019-20 B 4 ഷെഡ്യൂൾപ്രകാരം | വരവ് RP 7/31 | ആകെ | ചെലവ് (ചെലവ് പത്രിക പ്രകാരം) | നീക്കിയിരിപ്പ് (B4 ഷെഡ്യൂൾപ്രകാരം ) |
|---|---|---|---|---|---|---|
| 320700405 | Contributions For Other Specific Purposes -Revenue Expenditure -District Panchayath | 7036254 | 0 | 7036254 | 0 | 6120163 |
| 320700403 | Contributions For Other Specific | 636050 | 0 | 636050 | 0 | 636050 |

| | | | | | | |
|---|---|---|---|---|---|---|
| | Purposes -Revenue Expenditure -Village Panchayath | | | | | |
| 320700203 | Joint Venture Projects Revenue Expenditure -Village Panchayath | 0 | 1132974 | 1132974 | 0 | 1132974 |

സുലേഖാ ചെലവ് പത്രിക പ്രകാരം മേൽ ഇനങ്ങളിൽ തൻവർഷം ചെലവ് ഇല്ല. എന്നാൽ ലഭ്യമാക്കിയ പെർഫോർമ പ്രകാരം കിഴവിലം ഗ്രാമ പഞ്ചായത്തിൽ നിന്ന് വിഹിതമായി 770000രൂപ ലഭിച്ചതായും 700000 രൂപ ചെലവഴിച്ചതായും 70000 രൂപ ബാക്കിയുള്ളതായും കാണുന്നു. ഇത്തരത്തിൽ വ്യത്യാസം ഉണ്ടായതിനുള്ള കാരണം ലഭ്യമാക്കിയിട്ടില്ല.

14) ലഭ്യമാക്കിയ പെർഫോർമ, MGNRES ക്യാഷ് ബുക്ക് എന്നിവ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ 2020-21 വർഷത്തെ സാമ്പത്തിക നില ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 71799 | 1512250 | 1584049 | 1584049 | 0 |

എന്നാൽ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഈ ചെലവുകൾ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനു കാരണം ലഭ്യമാക്കിയിട്ടില്ല.

15)വാർഷിക ധനകാര്യ പത്രിക പ്രകാരം ലോൺ തിരിച്ചടവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| 2019-20 B5ഷെഡ്യൂൾ പ്രകാരം തിരിച്ചടവാക്കാനവശേഷിക്കുന്ന വായ്പ | തൻവർഷ വായ്പാ തുക | ആകെ | തൻവർഷം തിരിച്ചടച്ച തുക (RP-32 Secured Loans) | 2020-21 B5 ഷെഡ്യൂൾ പ്രകാരം തിരിച്ചടവാക്കാനവശേഷിക്കുന്ന വായ്പ |
|---|---|---|---|---|
| 3693515 | 0 | 3693515 | 5186656 | 9901006 |

മുൻ വർഷ B5ഷെഡ്യൂൾ പ്രകാരം തിരിച്ചടവാക്കാനവശേഷിക്കുന്ന തുകയിൽ എല്ലാ വായ്പാ തുകയും ഉൾപ്പെടാത്തതിനു കാരണം, ലോൺ മുന്നിരിപ്പ്, വരവ്, നീക്കിയിരിപ്പ് എന്നിവ വാർഷിക ധനകാര്യ പത്രിക പ്രകാരം പൊരുത്തപ്പെടാത്തത് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 3/ 06.04.22, നം. 21/11.04.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം (ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം)

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് / ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 29632050 | 29632050 | 32262282 | -2630232 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 21015000 | 21015000 | 16999581 | 4015419 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 149000 | 149000 | *149000 | 0 |
| CFC(tied) | 0 | 6190000 | 6190000 | 2567513 | 3622487 |
| CFC(untied) | 0 | 6190000 | 6190000 | 5180071 | 1009929 |
| Maintenance Fund(nonroad) | 0 | 5746285 | 5746285 | 5746285 | 0 |

| | | | | | |
|---|---|---|---|---|---|
| Maintenance Fund(road) | 0 | 0 | 0 | 0 | 0 |
| CSS | 0 | 0 | 0 | 0 | 0 |
| SSS | 0 | 0 | 0 | 0 | 0 |

വികസനഫണ്ട് (T.S.P) യുടെ വരവ് (149000) വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-4 പദ്ധതി അവലോകനം

പദ്ധതി നിർവ്വഹണം

2020-21 വർഷം വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ട് നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | പ്രോജക്ടുകൾ | | | | | അടങ്കൽ | | |
|---|---|---|---|---|---|---|---|---|---|
| ക്രമ നം. | | അംഗീകാരം | നടപ്പാക്കിയത് | നടപ്പിലാക്കാത്തത് | ശതമാനം | ശതമാനം | വകയിരുത്തൽ | ചെലവ് | ശതമാനം |
| 1. | സി.ഡി.പി.ഒ | 4 | 2 | 2 | 50 | 61 | 4179250 | 2549870 | 61 |
| | സെക്രട്ടറി | 46 | 33 | 13 | 72 | 51 | 25361615 | 12921329 | 51 |
| | പട്ടികജാതി വികസന ഓഫീസർ | 8 | 6 | 2 | 75 | 78 | 13088602 | 10236361 | 78 |
| | മെഡിക്കൽ ഓഫീസർ - താലൂക്ക് ആശുപത്രി | 12 | 11 | 1 | 92 | 61 | 11091485 | 6780134 | 61 |
| | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി. അഞ്ചുതെങ്ങ് | 6 | 6 | 0 | 100 | 81 | 1798785 | 1455688 | 81 |
| | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 10 | 9 | 1 | 90 | 95 | 4316100 | 4114756 | 95 |
| | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 13 | 13 | 0 | 100 | 78 | 6070524 | 4758706 | 78 |
| | ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 3 | 1 | 2 | 33 | 23 | 660000 | 150000 | 23 |
| | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് | 42 | 35 | 7 | 83 | 69 | 29239160 | 20302705 | 69 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | എഞ്ചിനീയർ | | | | | | | | |
| | | 144 | 116 | 28 | 81 | 66 | 95805521 | 63269549 | 66 |

1)ആകെ വകയിരുത്തിയതിന്റെ 66 ശതമാനം മാത്രം ചെലവഴിച്ചു.

2)സെക്രട്ടറി തൻവർഷം അംഗീകാരം വാങ്ങിയ 46 പ്രോജക്ടുകളിൽ 33 എണ്ണം മാത്രമാണ് നടപ്പാക്കിയത്. ഫണ്ട് വിനിയോഗം 51%. ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസറുടെ ഫണ്ട് വിനിയോഗം 23% മാത്രമാണ്.

3)തൻ വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്വിൽ ഓവറായി നടപ്പാക്കാൻ അംഗീകാരം വാങ്ങിയ പുളുവൽ ഓട നിർമ്മാണം - വക്കം ഗ്രാമ പഞ്ചായത്ത് (132/21) എന്ന പ്രോജക്ട് നടപ്പാക്കിയില്ല.

പദ്ധതി ആസൂത്രണം

ആസൂത്രണസമിതി

പദ്ധതി മാർഗരേഖ [സ.ഉ.(കൈ)നമ്പർ 11/2018 തസ്വഭവ തീയതി 29.01.2018] ഖണ്ഡിക 3.11 പ്രകാരം പഞ്ച വത്സര പദ്ധതിയിൽ ആദ്യവർഷം രൂപീകരിച്ചതും നിലവിലുള്ളതുമായ ആസൂത്രണ സമിതി ആവശ്യമെങ്കിൽ പുനഃ സംഘടിപ്പിക്കേണ്ടതാണെന്നുണ്ട്. ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നിവ ഏകോപിപ്പിക്കുന്നതിനും ഭരണസമിതിയെ സഹായിക്കുകയെന്ന പ്രധാന ചുമതല ആസൂത്രണസമിതിയിൽ നിക്ഷിപ്തമാണ്. സ്ഥാപനത്തിന്റെ ദീർഘകാല വികസന പരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിൽ ഭരണസമിതിയേയും വർക്കിംഗ് ഗ്രൂപ്പുകളേയും സഹായിക്കുക, പദ്ധതി ആസൂത്രണത്തിനും പദ്ധതിയുടെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും അനുയോജ്യമായ പഠനങ്ങൾ നടത്തി ഭരണ സമിതിയ്ക്ക് റിപ്പോർട്ട് നൽകുക തുടങ്ങിയ നിരവധി ചുമതലകൾ ആസൂത്രണ സമിതി നിർവ്വഹിക്കേണ്ടതായിട്ടുണ്ട്.

എ)2020-21 വർഷത്തെ പദ്ധതി രൂപീകരണത്തിന് മുൻപായി ആസൂത്രണസമിതി പുനഃ സംഘടിപ്പിച്ചില്ല.

ബി)ആസൂത്രണ സമിതിയുടെ മിനിട്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. മിനിട്സ് തയ്യാറാക്കിയിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 05/07.04.2022ന്റെ മറുപടി).

വർക്കിംഗ് ഗ്രൂപ്പ്

സ.ഉ(കൈ) നം. 11/2018/ത.സ്വ.ഭ.വ തീയതി 29.1.2018 ഖണ്ഡിക 3.1.2 പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പു വരുത്തുക, അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്. ഭൂരിഭാഗം വർക്കിംഗ് ഗ്രൂപ്പുകളും പ്രോജക്ടുകൾ നിർദ്ദേശിക്കുക മാത്രമാണുണ്ടായത്.

ദാരിദ്ര്യ ലഘൂകരണം വർക്കിംഗ് ഗ്രൂപ്പിന്റെ 14.01.2020, 18.01.2020 എന്നീ തീയതികളിൽ നടന്ന യോഗങ്ങൾ മിനിട്സ് ചെയ്തിട്ടില്ല. ഹാജർ മാത്രം രേഖപ്പെടുത്തിയിരിക്കുന്നു. പൊതുഭരണം, ധനകാര്യം വർക്കിംഗ് ഗ്രൂപ്പിന്റെ 07.02.2020ലെയും സാമൂഹ്യക്ഷേമം വർക്കിംഗ് ഗ്രൂപ്പിന്റെ 06.01.2020ലെയും യോഗങ്ങളുടെ ഹാജർ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

വാർഷിക പദ്ധതി രൂപീകരണത്തിനായി നടന്ന വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർക്കിംഗ് ഗ്രൂപ്പ് | ക്രമ നമ്പർ | വർക്കിംഗ് ഗ്രൂപ്പ് | തീയതി | നിർദ്ദേശം | സ്വീകരിച്ച നടപടികൾ (അവലംബം - ഓഡിറ്റ് എൻക്വയറി നമ്പർ 05/07.04.2022ന്റെ മറുപടി) |
|---|---|---|---|---|---|---|
| I | കുടിവെള്ളം, ശുചിത്വം | I | കുടിവെള്ളം, ശുചിത്വം | 14.01.2020 | പമ്മംകോട്, മൂലേവിളാകം, കാവടി, പറയത്തുകോണം കുളങ്ങളുടെ നവീകരണം | സേവന – പശ്ചാത്തല മേഖലയിൽ ഫണ്ട് തികയാതെ വന്നതിനാൽ നടപ്പാക്കിയില്ല. |
| Ii | | Ii | | 07.02.2020 | കണ്ട് കൃഷി കുളത്തിന്റെ ആധുനിക രീതിയിലുള്ള നവീകരണം | നടപ്പാക്കിയില്ല |

| | | | | | | |
|---|---|---|---|---|---|---|
| Iii | കൃഷി | Iii | കൃഷി | 20.01.2020 | തരിശ് കൃഷിക്ക് പദ്ധതി, വിപണന സംവിധാനം ശക്തിപ്പെടുത്തൽ | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി 40 ഹെക്ടറും കൃഷി വകുപ്പിന്റെ RKYG പദ്ധതി പ്രകാരം 30 ഹെക്ടറും കൃഷി യോഗ്യമാക്കി. |
| | | | | 12.03.2020 | മണ്ണ് പരിശോധന ലാബ് | നടപ്പാക്കിയില്ല |
| Iv | സാമൂഹ്യക്ഷേമം | Iv | സാമൂഹ്യക്ഷേമം | 18.01.2020 | അങ്കണവാടികൾക്ക് സ്ഥലം വാങ്ങാൻ ബ്ലോക്ക് വിഹിതം | നടപ്പാക്കിയില്ല |
| | | | | 07.02.2020 | എല്ലാ പഞ്ചായത്തിലെയും ഒരു അങ്കണവാടി യെങ്കിലും ഹൈടെക് ആക്കാൻ നടപടി | നടപ്പാക്കിയില്ല |
| V | മൃഗസംരക്ഷണം, ക്ഷീരവികസനം | V | മൃഗസംരക്ഷണം, ക്ഷീരവികസനം | 14.01.2020 | തീറ്റപ്പുൽകൃഷി വ്യാപനം | തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി തീറ്റപ്പുൽകൃഷി ചെയ്തു. |
| | | | | 17.01.2020 | തരിശ് ഭൂമികൾ, ഹൈവേയുടെയും മറ്റ് റോഡുകളുടെയും വശങ്ങളിലെ സ്ഥലം ഏറ്റെടുത്ത് തൊഴിലുറപ്പ് തൊഴിലാളികളെ ഉപയോഗിച്ച് തീറ്റപ്പുൽ കൃഷിയുടെ വ്യാപനം | |

സ്റ്റാറ്റസ് റിപ്പോർട്ട്

സ്റ്റാറ്റസ് റിപ്പോർട്ടിൽ പ്രതിപാദിച്ചിട്ടുള്ള പ്രശ്നങ്ങൾക്കുള്ള പരിഹാര നിർദ്ദേശങ്ങൾ നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | മേഖല | തീവ്രത | പ്രശ്നം | സ്വീകരിച്ച പരിഹാര നടപടി |
|---|---|---|---|---|
| I | പൊതുഭരണവും ധനകാര്യവും | അതീവ ഗുരുതരം | റെക്കോർഡ് റൂം ഇല്ല | ISOയുടെ ഭാഗമായി റെക്കോർഡ് റൂം തയ്യാറാക്കി. |
| Ii | പ്രാദേശിക സാമ്പത്തിക വികസനം | ഗുരുതരം | വിപണന സൌകര്യങ്ങളുടെ കുറവ് | നടപ്പ് വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്താൻ ശ്രമിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |
| Iii | പൊതു മരാമത്ത് | ഗുരുതരം | നിലവിലുള്ള റോഡുകളുടെ ശോച്യാവസ്ഥ | നിലവിലുള്ള റോഡുകളുടെ ശോച്യാവസ്ഥ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ വഴി ശേഖരിച്ച് അടുത്ത പദ്ധതിയിൽ ഉൾപ്പെടുത്താൻ ശ്രമിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. |

## 1-5 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 04.02.2022 മുതൽ 10.02.2022 വരെ | 2020-21 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16.12.2019 മുതൽ 23.12.2019 വരെ | 2014-15 മുതൽ 2018-19 വരെ | 22.01.2020 |

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.04.2022, 10.30 AMന് നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ്ബാലൻസ് ഇല്ലായെന്ന് ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

1)ഓഡിറ്റിനായി രേഖകൾ ലഭ്യമാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചൂണ്ടിക്കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് വിശദീകരണം ലഭ്യമാക്കുന്നതിലും കൂടുതൽ ശ്രദ്ധ പുലർത്തിയിട്ടില്ല.

2) വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയതിൽ വളരെയധികം അപാകങ്ങൾ ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാനും സ്ഥാപനത്തിന് കഴിഞ്ഞിട്ടില്ല.

3)കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റോക്ക് വിവരങ്ങൾ സൂക്ഷിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധയുണ്ടാകുന്നില്ല.

4)ഗ്രാമ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് ടൈലിംഗ് പ്രവൃത്തികൾ ചെയ്ത സ്കൂളിൽ ടൈലിംഗിനായി എസ്റ്റിമേറ്റ് തയ്യാറാക്കി കരാറുകാരനെ പ്രവൃത്തി ഏല്പിച്ചതും എസ്റ്റിമേറ്റിലുൾപ്പെടുത്തിയ അവശ്യ ഇനങ്ങൾ ഒഴിവാക്കി നടപ്പാക്കിയതിനാൽ പ്രവൃത്തി ലക്ഷ്യം കാണാത്തതും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

5)അധിക വിസ്തൃതിയിലുള്ള വീടിന് പഠനമുറിക്കായി ധനസഹായം നൽകിയത് ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്.

## 1-8 അഡ്വാൻസ് നിലനിൽക്കെ വൈദ്യുതിചാർജ് വീണ്ടും ഒടുക്ക് വരുത്തി

1145298014478 എന്ന കൺസ്യൂമർ നമ്പറിൽ അഡ്വാൻസ് നിലനിൽക്കെ വൈദ്യുതി ബില്ലുകൾ വീണ്ടും വൗച്ചർ നമ്പർ 123, 141എന്നിവ പ്രകാരം ഒടുക്കി.

| ക്രമ നമ്പർ | തിയതി | തുക | വൗച്ചർ നമ്പർ |
|---|---|---|---|
| 1 | 06 /11 /20 | 4388 | 123 |
| 2 | 18/01/21 | 8346 | 141 |

| | | | |
|---|---|---|---|
| 3 | 18/01/21 | 4063 | 141 |

കെ.എസ്.ഇ.ബിയിൽ അഡ്വാൻസ് നിലനിൽക്കെ, വീണ്ടും തുക അടച്ചതിന് വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി നമ്പർ 16/08.04.2022) ലഭ്യമാക്കിയ മറുപടിയിൽ അഡ്വാൻസ് ആയി നൽകിയ തുക തുടർന്ന് വരുന്ന മാസങ്ങളിലെ ബില്ലുകളിൽ കുറവ് ചെയ്തതായി വിശദീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം കുറവ് ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. പ്രസ്തുത വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-9 വൗച്ചർ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ

1) വൗച്ചർ നമ്പർ 6 പ്രകാരം ഔദ്യോഗിക ആവശ്യങ്ങൾക്കായി ദിവസ വാടകയ്ക്ക് വാഹനങ്ങൾ ഉപയോഗിച്ചതിന്, ടൂറിസ്റ്റ് ടാക്സി റെസീപ്റ്റുകളുടെ അടിസ്ഥാനത്തിൽ 3400 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, ചുവടെ ചേർക്കുന്ന വാഹനങ്ങൾ, മോട്ടോർ വാഹന വകുപ്പിന്റെ വെബ്സൈറ്റ് പ്രകാരം സ്വകാര്യ വാഹനങ്ങൾ ആണെന്ന് കാണുന്നു.

| ക്രമ നമ്പർ | വാഹന നമ്പർ | ഉപയോഗിച്ച തീയതി |
|---|---|---|
| 1 | KL 16 A 3478 | 04.03.2020 |
| 2 | KL 16 F 8852 | 27.02.2020, 28.02.2020, 29.02.2020, 13.03.2020, 13.03.2020, |

2)വൗച്ചർ നമ്പർ 76പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി മൂന്ന് സ്പ്രേയറുകൾ വാങ്ങിയിട്ടുണ്ട്. ഇവയുടെ സ്റ്റോക്ക് - വിതരണ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
3)വൗച്ചർ നമ്പർ 84 പ്രകാരം പ്രസിഡന്റിന് ടി.എ ഇനത്തിൽ 26400 രൂപ അനുവദിച്ചതുമായി ബന്ധപ്പെട്ട് ടി.എ. ബിൽ ലഭ്യമാക്കിയിട്ടില്ല.
വൗച്ചർ നമ്പർ 88 പ്രകാരം ഡ്രൈവർക്ക് ടി.എ 12600 രൂപ അനുവദിച്ചതിനൊപ്പം ടി.എ ബിൽ ലഭ്യമാക്കിയിട്ടില്ല.
4 ) വൗച്ചർ നമ്പർ 73 പ്രകാരം വാഹന ഇൻഷുറൻസ് പുതുക്കിയതും , ഫോട്ടോകോപ്പിയർ സർവീസ് ചെയ്തതുമായി ബന്ധപ്പെട്ട് 40499 രൂപ അനുവദിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട അനുബന്ധ രേഖകൾ /സബ് വൗച്ചറുകൾ ലഭ്യമാക്കിയിട്ടില്ല.
5 )വൗച്ചർ നമ്പർ 2 പ്രകാരം സിഡിപിഒ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രിന്റർ വാങ്ങലുമായി (പ്രൊജക്റ്റ് നമ്പർ 30) ബന്ധപ്പെട്ട് അധികം ചെലവായ 1107 രൂപയുടെ അനുബന്ധ രേഖകൾ ലഭ്യമാക്കിയിട്ടില്ല.
മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കിയില്ല. ഓഡിറ്റ് എൻക്വയറി നമ്പർ 01/06.04.2022 ന് പൂർണമായ മറുപടി ലഭ്യമാക്കിയില്ല. വിശദമായ മറുപടി രേഖകൾ സഹിതം ലഭ്യമാക്കേണ്ടതാണ്.

## 1-10 കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ സ്റ്റോക്ക് സൂക്ഷിപ്പിലെ അപാകങ്ങൾ

വൌച്ചർ നമ്പർ 144/01-21 (വൌച്ചർ തുക 51987)പ്രകാരം 42200 രൂപയ്ക്ക് IGAടെക്ക് എന്ന സ്ഥാപനത്തിൽ നിന്നും യു.പി.എസ് വാങ്ങിയിട്ടുണ്ട്. പ്രസ്തുത യു.പി.എസ് സ്റ്റോക്കിലെടുത്തതിന്റെ വിശദാംശം ലഭ്യമല്ല. വിശദീകരണമാവശ്യപ്പെട്ടതിനെതുടർന്ന് (ഓഡിറ്റ് എൻക്വയറി നമ്പർ 25/12.04.2022) ലഭ്യമാക്കിയ സ്റ്റോക്ക് രജിസ്റ്ററിൽ പൂർണമായ രേഖപ്പെടുത്തലില്ല. AMC, വാറന്റി വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ, നിലവിലുള്ള കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ, പ്രിന്റർ, ഫോട്ടോ കോപ്പിയർ മുതലായവയുടെ വിശദാംശം (പ്രവർത്തിക്കുന്നവ, അല്ലാത്തവ, എ.എം.സിയുള്ളവ, വാറന്റിയുള്ളവ) പരിശോധിക്കാൻ സാധിച്ചിട്ടില്ല.

നിലവിലുള്ള കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെ ഭൌതിക പരിശോധന നടത്തി കേടായവയുടെയും അല്ലാത്തവയുടെയും വ്യക്തമായ വിവരങ്ങൾ ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി വിശദാംശങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-11 ഓഡിറ്റ് - തുടർ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

ബ്ലോക്ക് പഞ്ചായത്തിന്റെ 1997-98 മുതൽ 2018-19 വരെയുള്ള വർഷങ്ങളിലെ വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിലായി 100ൽ അധികം ഖണ്ഡികകൾ തീർപ്പാക്കാനവശേഷിക്കുന്നുണ്ട്.

2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് കെ.എസ്.എ.ടി.വി.എം/ബി.പി 265 /2022 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ മറുപടി നിർവ്വഹണ ഉദ്യോഗസ്ഥരിൽ നിന്ന് അടിയന്തിരമായി ലഭ്യമാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 06/07.04.2022ന്റെ മറുപടി). ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ആസ്തി രജിസ്റ്റർ കാലികവും പൂർണവുമല്ല

ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള വസ്തുവകകൾ, കെട്ടിടങ്ങൾ, റോഡുകൾ മുതലായ ആസ്തികൾ കാലികമാക്കി പുതുക്കി രജിസ്റ്ററിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സചിത്ര സോഫ്റ്റ് വെയർ ഉപയോഗിച്ച് ഡാറ്റാ ബേസ് ആയി സൂക്ഷിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്) 255/2013 ത.സ്വ.ഭ.വ തീയതി 18.7.2013മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. ആസ്തിരജിസ്റ്റർ കാലികമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ജി.ഒ.(ആർ.ടി) 59/2012 തീയതി, 6.1.2012 മുഖേനയും പുറപ്പെടുവിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ ഇപ്രകാരം ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി ആസ്തി രജിസ്റ്റർ തയ്യാറാക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് സമർപ്പിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 07/07.04.2022ന്റെ മറുപടി).

പരിശോധനയ്ക്കായി ലഭ്യമാക്കിയ ആസ്തി രജിസ്റ്റർ കെട്ടിടങ്ങളുടെ വിവരം മാത്രം ഉൾപ്പെടുത്തിയതാണ്(ഫോം 2). ആകെയുള്ള 28 കോളങ്ങളിൽ ഭൂരിഭാഗവും രേഖപ്പെടുത്തിയിട്ടില്ല. പരമാവധി 11 കോളങ്ങളിലാണ് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളത്. Depreciation മുതലായവ രേഖപ്പെടുത്തിയിട്ടില്ല.

സർക്കാർ നിർദ്ദേശപ്രകാരം ആസ്തി രജിസ്റ്ററിൽ പൂർണമായ വിവരങ്ങൾ ഉൾപ്പെടുത്തി കാലികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 പ്രൊക്യൂർമെന്റ് മാർഗ നിർദ്ദേശങ്ങൾ പാലിക്കുന്നില്ല

സ.ഉ.(പി) നം. 259/2010/തസ്വഭവ തീയതി 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പാലിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്.

1)വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണ നടപടി ആരംഭിക്കുകയും ചെയ്യേണ്ടതുണ്ട്. ചെലവുകൾക്കായി ബജറ്റിൽ മതിയായ തുക വകയിരുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതുമുണ്ട്. ഇപ്രകാരമുള്ള ഒരു സമാഹരണ പദ്ധതി തയ്യാറാക്കിയില്ല.

2) വാങ്ങൽ പദ്ധതി തയ്യാറാക്കുന്നതിന്റെയും അന്തിമമാക്കുന്നതിന്റെയും പ്രധാന ചുമതലയുള്ള പ്രൊക്യൂർമെന്റ് ടീം രൂപീകരിച്ചിട്ടില്ല.

3)ബ്ലോക്ക് പഞ്ചായത്തിലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2020-21 വർഷത്തേക്കുള്ള വാങ്ങലുകൾക്കായി ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. തീയതി രേഖപ്പെടുത്താത്ത യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് മാത്രമാണ് പങ്കെടുത്തിട്ടുള്ളത്.

പ്രസ്തുത യോഗത്തിൽ പട്ടികജാതി വികസന ഓഫീസിലേക്ക് കമ്പ്യൂട്ടർ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ (SO050/21) എന്ന പ്രോജക്ടിനായി കമ്പ്യൂട്ടർ, പ്രിന്റർ എന്നിവയുടെ ക്വട്ടേഷനുകൾ പരിശോധിച്ച് കുറഞ്ഞ തുകയുടെ ക്വട്ടേഷൻ അംഗീകരിക്കാൻ ജനറൽ കമ്മിറ്റിയോട് ശുപാർശ ചെയ്തു.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായുള്ള ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് പുതിയ കെട്ടിടത്തിലേക്ക് ഫർണിച്ചർ വാങ്ങൽ, ബ്ലോക്ക് ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ, സി.ഡി.പി.ഒയുടെ നിർവ്വഹണത്തിലുള്ള ഭിന്നശേഷിക്കാർക്ക് ട്രൈ സ്കൂട്ടർ, പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ ഫർണിച്ചർ വാങ്ങൽ, ഭൂമി വാങ്ങൽ, മെഡിക്കൽ ഓഫീസർമാരുടെ മരുന്ന് വാങ്ങൽ പ്രോജക്ടുകൾ മുതലായവയിലെ വാങ്ങൽ പ്രക്രിയയിൽ പ്രൊക്യൂർമെന്റ് കമ്മിറ്റി ഇടപെട്ടിട്ടില്ല.

വരും വർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 08/07.04.2022ന്റെ മറുപടി).

ഭാവിയിലെ വാങ്ങൽ പ്രക്രിയകളിൽ മാർഗ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 എസ്റ്റിമേറ്റുകൾ വ്യാപകമായി പുതുക്കുന്നു

പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായി സ്ഥല സന്ദർശനം നടത്തി അതിനനുസൃതമായി പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ/തസ്വഭവ തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കുംമുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം KPWD മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തിൽ 2020-21 വർഷം നടപ്പാക്കിയ ഭൂരിഭാഗം പ്രവൃത്തികളുടെയും എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | പ്രോജക്ട് | പ്രവൃത്തിയുടെ പേര് | മാറ്റം വരുത്തിയ പ്രധാന ഇനങ്ങളുടെ |
|---|---|---|---|

| നം. | നം. | | വിശദാംശം |
|---|---|---|---|
| I | SO133/21 | അഞ്ചുതെങ്ങ് സി.എച്ച്.സി പുനരുദ്ധാരണം | ഇനങ്ങൾ 25, 26, 27 എന്നിവ ഒഴിവാക്കി 5 എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി. |
| Ii | SO094/21 | മലവിള കോളനി സംരക്ഷണഭിത്തി നിർമ്മാണം - അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് | ഒന്നാം ഇനത്തിന്റെ (RCC) അളവ് കൂട്ടി 2, 3 ഇനങ്ങളുടെ അളവ് കുറച്ചു. |
| Iii | SO126/21 | ഗവ. എൽ.പി.എസ് പെരുമാതുറ – സ്മാർട്ട് ക്ലാസ് റൂം സജ്ജമാക്കൽ | ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് ടൈലിംഗ് പ്രവൃത്തി ചെയ്തതിനാൽ ഇനങ്ങൾ 1, 2, 3 എന്നിവ ഒഴിവാക്കി ചുറ്റമതിൽ പുതുക്കി പണിയുന്നതിനായി 6 എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി. |
| Iv | SO134 /21 | വക്കം ആർ.എച്ച്.സി. ലാബ് മെയിന്റനൻസും ഗേറ്റ് നിർമ്മാണവും | ഫാർമസിക്ക് മുന്നിലെ സിറ്റിംഗ് ഏരിയയിൽ ടൈൽ ഇടുന്നത് കൂടി ഉൾപ്പെടുത്താൻ RHV – AMO ആവശ്യപ്പെട്ടതിനെ തുടർന്ന് ഇനം 18, 20, 23, 24, 28 എന്നിവ ഒഴിവാക്കി 10 എക്സ്ട്രാ ഇനങ്ങൾ ഉൾപ്പെടുത്തി. |

സൈറ്റ് പരിശോധിച്ചശേഷമാണ് എല്ലാ എസ്റ്റിമേറ്റുകളും തയ്യാറാക്കിയതെന്നും പ്രവൃത്തി ആരംഭിക്കുന്ന സമയത്ത് കാലാവസ്ഥ വ്യതിയാനവും നിലവിലുള്ള സാഹചര്യവും എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ കാരണമാവുന്നുവെന്നുമാണ് വിശദീകരിച്ചിട്ടുള്ളത്(ഓഡിറ്റ് എൻക്വയറി നമ്പർ 18/11.04.2022ന്റെ മറുപടി). ഉദാഹരണങ്ങളുടെ അടിസ്ഥാനത്തിൽ, പ്രസ്തുത മറുപടി പൂർണമായും അംഗീകരിക്കാൻ കഴിയില്ല.

ഭാവിയിൽ, എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുൻപായി കൃത്യമായ സ്ഥലപരിശോധന നടത്തേണ്ടതും പ്രോജക്ട് രൂപീകരണത്തിന് ഗുണഭോക്താക്കളുടെ പങ്കാളിത്തം വർക്കിംഗ് ഗ്രൂപ്പ് മുഖേന ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-15 ഏലാപ്പുറം ഏലാത്തോട് - സൈഡ് വാൾ നിർമ്മാണം കുഴിച്ചെടുത്ത മണ്ണ് പുനരുപയോഗിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO135/21 |
| പേര് | ഏലാപ്പുറം ഏലാത്തോട് - സൈഡ് വാൾ നിർമ്മാണം |
| അടങ്കൽ തുക | 500000 (വികസന ഫണ്ട്) |

| | |
|---|---|
| ചെലവ് | 453512 |
| ബിൽ നമ്പർ | 16/20.06.2020 |
| എം ബുക്ക് നമ്പർ | 14/20-21 |
| കരാറുകാരൻ | സ്മിജുലാൽ.എസ്.(404921.41) |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

റോഡിന്റെ ഇരുവശങ്ങളിലുമായി 108 മീറ്റർ നീളത്തിൽ പാർശ്വഭിത്തി നിർമ്മിച്ച് മണ്ണ് ഫിൽ ചെയ്യുന്നതിന് വിഭാവനം ചെയ്ത പ്രവൃത്തി.

പ്രസ്തുത പ്രവൃത്തിയുടെ ഇനം 1 :- Earth Work Excavation For Structures... 48.96 M3

എന്നത് പരിമിതപ്പെടുത്തി 45.36 M3ന് 466.89/m3 നിരക്കിൽ 21178.13 രൂപ നല്കി.

ഇനം 4:- Construction Of Embankment With Approved Material Obtained From Borrow Pits .... - 141.180 M3

Deduct 20% For Tape Measurement And Consolidation -28.236 M3

112.944 M3

പരിമിതപ്പെടുത്തി 96.72 M3 ന് 351.56/m3 നിരക്കിൽ 34002.88 രൂപ നല്കി.

ഇനം 1പ്രകാരം ലഭിച്ച 48.96 M3 മണ്ണ് വിനിയോഗിച്ചിരുന്നുവെങ്കിൽ,

ഇനം 4ന്റെ അളവ് 141.180 – 48.96 = 92.22 M3

Deduct 20% 18.44 M3

73.78m3ന് 351.56/m3 നിരക്കിൽ 25938.10രൂപ

അധിക ചെലവ് 8065രൂപ

എസ്റ്റിമേറ്റിന്റെ 4-ാം ഇനത്തിന്റെ അളവിൽ നിന്ന് 1-ാം ഇനത്തിലെ Cut Earth ന്റെ അളവ് കുറച്ചിട്ടുണ്ട്.

വയലിന് നടുവിലൂടെയുള്ള റോഡിന് ഇരുവശവുമായാണ് സൈഡ് വാൾ നിർമ്മിച്ചതെന്നും കുഴിച്ചെടുത്ത മണ്ണ് Clay Soil ആയതിനാൽ ഫിൽ ചെയ്യാൻ സാധിക്കില്ലായിരുന്നുവെന്നുമാണ് വിശദീകരണം(ഓഡിറ്റ് എൻക്വയറി നമ്പർ 17/11.04.2022ന്റെ മറുപടി). എന്നാൽ കുഴിച്ചെടുത്ത മണ്ണ് പുനരുപയോഗിക്കാൻ സാധ്യമല്ലായെന്ന് എം ബുക്കിൽ സാക്ഷ്യപ്പെടുത്തിയിട്ടില്ല. എന്നിരുന്നാലും മറുപടി പിരഗണിക്കുന്നു. ഭാവിയിൽ ഇപ്രകാരമുള്ള അപാകങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-16 ഗ്രാമ പഞ്ചായത്ത് ഫണ്ട് വിനിയോഗിച്ച് ടൈലിംഗ് പ്രവൃത്തികൾ ചെയ്ത സ്കൂളിൽ ടൈലിംഗിനായി എസ്റ്റിമേറ്റ് തയ്യാറാക്കി

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | S0126/21 |
| പേര് | ഗവ. എൽ.പി.എസ്. പെരുമാതുറ – സ്മാർട്ട് ക്ലാസ് റൂം സജ്ജമാക്കൽ |
| അടങ്കൽ തുക | 600000 (വികസന ഫണ്ട്) |
| ചെലവ് | 401687 |

| | |
|---|---|
| ബിൽ നമ്പർ | 50/30.03.2021 |
| എം ബുക്ക് നമ്പർ | 312/19-20, 288/20-21 |
| കരാറുകാരൻ | കെ.വിജയകുമാർ(534810) |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

നിലവിലുള്ള ക്ലാസ് റൂം ഫാൾസ് സീലിംഗും ടൈലിംഗും പെയിന്റിംഗും മറ്റ് അറ്റകുറ്റപണികളും ചെയ്ത് സ്മാർട്ട് ക്ലാസ്റൂമാക്കുന്നതിനു വേണ്ടി തയ്യാറാക്കിയ പ്രവൃത്തി.

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ Dismantling The Old Plaster, Tiling With Ceramic Tiles, Painting, Purchase Of Smart Class Equipments, Eletrification എന്നിവയാണ് ഉൾപ്പെടുത്തിയിരുന്നത്.

ഗവ. എൽ.പി.എസ്. എച്ച്.എം 20.03.2020ന് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് അയച്ച കത്ത് (നമ്പർ A1-06/09/AEE/LSGD/CKL) പ്രകാരം 2019-20 വർഷത്തെ ചിറയിൻകീഴ് ഗ്രാമ പഞ്ചായത്തിന്റെ ഫണ്ടിൽ ഉൾപ്പെടുത്തി എല്ലാ ക്ലാസ് മുറികളുടെയും തറ ടൈൽ പാകി കഴിഞ്ഞതിനാൽ സ്കൂളിന്റെ ചുറ്റുമതിലിന്റെ ഇടിഞ്ഞുകിടക്കുന്ന ഭാഗവും അതിനോട് ചേർന്നുള്ള ഇടിയാറായിരിക്കുന്ന ഭാഗവും പുതുക്കി പണിയുന്നതിനും കുട്ടികളുടെ Urinalൽ രണ്ട് വാതിലുകൾ ഘടിപ്പിക്കുന്നതിനും തുക വിനിയോഗിക്കുന്നതിന് അപേക്ഷിച്ചിട്ടുണ്ട്.

ഇതിനെതുടർന്ന്, ഇനങ്ങൾ 1, 2, 3 എന്നിവ ഒഴിവാക്കി 6 എക്സ്ട്രാ ഇനങ്ങൾ (Earth Work Excavation, DR, RR, Solid Block, Plasering, Painting) ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തു പ്രവൃത്തി നിർവ്വഹിച്ചു.

എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ, ടൈലിംഗ് പ്രവൃത്തി ഗ്രാമപഞ്ചായത്ത് പദ്ധതിയിൽ ഉൾപ്പെടുത്തിയതായി സ്കൂൾ അധികൃതരോ ഡിവിഷൻ മെമ്പറോ സൂചിപ്പിച്ചിരിന്നില്ലായെന്നും എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങി കരാർ വച്ച് പ്രവൃത്തി നടപ്പിലാക്കാൻ എത്തിയപ്പോഴാണ് ടൈലിംഗ് പ്രവൃത്തി ഗ്രാമ പഞ്ചായത്തിന്റെ ഫണ്ട് വിനിയോഗിച്ച് നടപ്പാക്കിയിരിക്കുന്നത് കാണാൻ കഴിഞ്ഞതെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 19/11.04.2022ന്റെ മറുപടി).

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുൻപ് സ്ഥലപരിശോധന നടത്താഞ്ഞതിനാലും സ്കൂൾ അധികൃതരുമായി ചർച്ച ചെയ്യാതിരുന്നതിനാലും എസ്റ്റിമേറ്റ് റിവൈസ് ചെയ്യുകയും അതുവഴി കൂടുതൽ നടപടിക്രമങ്ങൾ ആവശ്യമായി വരികയും ചെയ്തു. ഇപ്രകാരമുള്ള അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 എസ്റ്റിമേറ്റിലുൾപ്പെടുത്തിയ അവശ്യ ഇനങ്ങൾ ഒഴിവാക്കി നടപ്പാക്കിയതിനാൽ പ്രവൃത്തി ലക്ഷ്യം കണ്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S0085/21 |
| പേര് | കൊച്ചാലുംമൂട് തെങ്ങുവിള റോഡ് പാർശ്വ ഭിത്തി നിർമ്മാണം - കിഴുവിലം ഗ്രാമപഞ്ചായത്ത് |
| അടങ്കൽ തുക | 443869(വികസന ഫണ്ട്) |
| ചെലവ് | 411706 |
| ബിൽ നമ്പർ | 02/17.04.2020 |

| | |
|---|---|
| എം ബുക്ക് നമ്പർ | 133/19-20 |
| കരാറുകാരൻ | പ്രജോധനൻ (390359.50) |
| നിർവ്വഹണം | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം DR Side Wall With RCC Belt And Top Wearing Course Of Concrete, Side Concreting The Road At Curve For Widening The Road At Curve, Provision For Disposal Of The Rain Water എന്നിവയ്ക്കാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയത്. എന്നാൽ, Road Curve Side Concrete, Pipe For Rain Water Disposal എന്നീ ഇനങ്ങൾ നടപ്പാക്കാതെ പ്രവൃത്തി പൂർത്തികരിച്ച് കരാറുകാരന് തുക നല്കി.

റോഡിലെ താഴ്ചയുള്ള പ്രദേശത്ത് വെള്ളം കെട്ടിനിൽക്കുമായിരുന്നതിനാൽ സൈഡ് വാൾ നിർമ്മിച്ച് പ്രസ്തുത ഭാഗം ബേം കോൺക്രീറ്റ് ചെയ്ത് വെള്ളം സമീപമുള്ള പുരയിടത്തിലേക്ക് ഒഴുക്കിവിടുന്നതിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെന്നും എന്നാൽ ഉൾപ്പെടുത്തിയ തുക തികയുമായിരുന്നില്ലായെന്നും കെട്ടി നിൽക്കുന്ന വെള്ളം പൈപ്പ് വഴി സമീപമുള്ള പുരയിടത്തിലേക്ക് ഒഴുക്കി വിടാൻ നിർവ്വഹണസമയത്ത് പുരയിടത്തിന്റെ ഉടമ അനുവാദം നൽകിയില്ലായെന്നും ആയതിനാലാണ് Road Curve Side Concrete, Pipe For Rain Water Disposal എന്നീ ഇനങ്ങൾ നടപ്പാക്കാതെ ഫൈനൽ ബിൽ നൽകിയതെന്നും വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 35/16.04.2022ന്റെ മറുപടി).

എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ പാകപ്പിഴയും ആവശ്യത്തിന് ഫണ്ട് വകയിരുത്താഞ്ഞതും പ്രവൃത്തിയുടെ ലക്ഷ്യപ്രാപ്തിക്ക് തടസ്സമായി. ഭാവിയിൽ ഇപ്രകാരമുള്ള അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നാല് ലക്ഷത്തിലധികം രൂപ ചെലവഴിച്ച പ്രസ്തുത പ്രവൃത്തി പ്രയോജനപ്പെടുത്തുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 സെക്രട്ടറി നർവ്വഹണം നടത്തിയ പ്രോജക്ടുകൾ - വിനിയോഗ വിവരം ലഭ്യമല്ല -3067302 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായുള്ള താഴെ പറയുന്ന പദ്ധതികൾ പ്രകാരം വിവിധ സ്ഥാപനങ്ങൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ തുകകളുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.

| പദ്ധതി നം. | പദ്ധതി | സ്ഥാപനം | ബിൽ നം. | തുക | ഫണ്ടിനം | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|---|---|
| 3/21 | ഐ.കെ.എം വിഹിതം നൽകൽ | ഐ കെ എം | 18/03-6-20 | 60000 | വികസന ഫണ്ട് ജനറൽ | വിനിയോഗ സാക്ഷ്യപത്രം |
| 46/21 | വടക്കെ അരയതുരുത്തി (വാർഡ് -15) പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ ചിറയൻ കീഴ് ഗ്രാമ പഞ്ചായത്ത് | കേരള വാട്ടർ അതോറിറ്റി | ബിൽ നം 14/14-5-20 | 439789 | വികസന ഫണ്ട് ജനറൽ | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം |

| | | | | | | |
|---|---|---|---|---|---|---|
| 142/21 | കുഴിവിള പൈപ്പ് ലൈൻ എക്സ്ടെന്ഷൻ- ചിറയൻ കീഴ് ഗ്രാമ പഞ്ചായത്ത് | കേരള വാട്ടർ അതോറിറ്റി | 49/23-10-20 | 199856 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം , വിനിയോഗ സാക്ഷ്യപത്രം, തുക കൈമാറിയതിന്റെ വിവരം |
| 140/21 | മാമം നട കുരിശിയോട് പൈപ്പ് ലൈൻ എക്സ്ടെന്ഷൻ -കിഴുവിലം ഗ്രാമ പഞ്ചായത്ത് | കേരള വാട്ടർ അതോറിറ്റി | 35/14-10-20 | 246341 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം, |
| 148/21 | കോണത്ത് റോഡ് പൈപ്പ് ലൈൻ എക്സ്ടെൻഷൻ- കടക്കാവൂർ ഗ്രാമ പഞ്ചായത്ത് | കേരള വാട്ടർ അതോറിറ്റി | 35/14-10-20 | 149344 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം |
| 149/21 | കണ്ണൻ വിളാകം പടന്നയില് ഭാഗം- അഞ്ചു തെങ്ങ് ഗ്രാമ പഞ്ചായത്ത് | കേരള വാട്ടർ അതോറിറ്റി | 36/14-10-20 | 198375 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം, |
| 151/21 | അരയതുരുത്തി കോൺവെന്റ് മുതൽ ലക്ഷം വീട് വരെയുള്ള ഭാഗം -ചിറയൻ കീഴ് ഗ്രാമ പഞ്ചായത്ത് | കേരള വാട്ടർ അതോറിറ്റി | 40/14-10-20 | 148162 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം |
| 145/21 | മേമം ശിവൻ കോവിൽ റോഡ് തെക്കേതിൽ ദേവി ക്ഷേത്രം പൈപ്പ് ലൈൻ എക്സ്ടെൻഷൻ- കിഴുവിലം ഗ്രാമ പഞ്ചായത്ത് | കേരള വാട്ടർ അതോറിറ്റി | 37/14-10-20 | 145557 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം. ഫയലിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന എസ്റ്റിമേറ്റ് പൂർണമല്ല. ശരിയായ എസ്റ്റിമേറ്റ് ലഭ്യമാക്കേണ്ടതാണ്. |
| 143/21 | ആയിക്കുടി തിട്ടയിൽ തൊഴിയിൽ -പൈപ്പ് ലൈൻ എക്സ്ടെൻഷൻ- കടക്കാവൂർ ഗ്രാമ പഞ്ചായത്ത് | കേരള വാട്ടർ അതോറിറ്റി | 39/14-10-20 | 197289 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം |
| 144/21 | വൃന്ദാവൻ റോഡ് പൈപ്പ് ലൈൻ എക്സ്ടെൻഷൻ- കടക്കാവൂർ ഗ്രാമ പഞ്ചായത്ത് | കേരള വാട്ടർ അതോറിറ്റി | 43/14-10-20 | 289106 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം |

| | | | | | | |
|---|---|---|---|---|---|---|
| 147/21 | കല്ലൂർകോണം തെക്കും കര റോഡ് പൈപ്പ് ലൈൻ എക്സ്ടെൻഷൻ- കടക്കാവൂർ ഗ്രാമ പഞ്ചായത്ത് | കേരള വാട്ടർ അതോറിറ്റി | 44/14-10-20 | 149245 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം |
| 139/21 | ഇടക്കാട് കൊടിയ്ക്കകം - പൈപ്പ് ലൈൻ എക്സ്ടെൻഷൻ- കിഴവിലം ഗ്രാമ പഞ്ചായത്ത് | കേരള വാട്ടർ അതോറിറ്റി | 38/14-10-20 | 147050 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം |
| 146/21 | തകര പറമ്പ് ചിലക്കകം വിളാകം പൈപ്പ് ലൈൻ എക്സ്ടെൻഷൻ- കിഴവിലം ഗ്രാമ പഞ്ചായത്ത് | കേരള വാട്ടർ അതോറിറ്റി | 42/14-10-20 | 197188 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം, വിനിയോഗ സാക്ഷ്യപത്രം |
| 105/21 | തിരുവനന്തപുരം മെഡിക്കൽ കോളേജിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കൽ- വിഹിതം നൽകൽ | ശുചിത്വ മിഷൻ ജില്ല കോ ഓർഡിനേറ്റർ | 45/16-10-20 | 500000 | സി എഫ് സി | വിനിയോഗ സാക്ഷ്യ പത്രം |
| ആകെ | | | | 3067302 | | |

രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 2/6-4-22) പരാമർശ പ്രകാരമുള്ള രേഖകൾ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന മുറക്ക് പരിശോധനക്ക് നൽകുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. രേഖകൾ ലഭ്യമാക്കുന്നതു വരെ 3067302 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 കമ്പ്യൂട്ടറുകൾ വാങ്ങൽ -സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 106/21 |
| പ്രോജക്റ്റിന്റെ പേര് | ബ്ലോക്ക് ഓഫീസിലേക്ക് കമ്പ്യൂട്ടർ പ്രിന്റർ |
| അടങ്കൽ | 95000 |
| ചെലവ് | 94900 |
| ബിൽ നമ്പർ | 47/ 20-10-20 തുക 94900 |
| ഫണ്ടിനം | വികസന ഫണ്ട് ( ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പദ്ധതി പ്രകാരം ബ്ലോക്ക് ഓഫീസിലേക്ക് 2 കമ്പ്യൂട്ടറുകൾ, ലേസർ പ്രിന്റർ 1 ,ഹാർഡ് ഡിസ്ക് 1 എന്നിങ്ങനെ ക്വട്ടേഷൻ ക്ഷണിച്ച് കുറവ് നിരക്ക് ക്വാട്ട് ചെയ്ത ആറ്റം കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. ജി ഒ (പി) 10/19 തീയതി 22-8-19, സർക്കുലർ ഐ ടി സെൽ 1/26/19 തീയതി 18-3-19 എന്നിവ പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും CPRCS ൽ നിന്നും വാങ്ങേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. സർക്കാർ ഉത്തരവിലെ വ്യവസ്ഥ പാലിക്കാതിരുന്നതിൽ വ്യക്തത വരുത്തുന്നതിനായും വാങ്ങിയ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിനായും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ11/7-4-22)സാധനങ്ങൾ സ്റ്റോക്കിലെടുത്തിട്ടില്ലെന്നും മേൽ സർക്കാർ ഉത്തരവുകളെ പറ്റി അറിവില്ലായിരുന്നുവെന്നുമാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. കമ്പ്യൂട്ടറുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കേണ്ടതും ഭാവിയിൽ ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധപുലർത്തേണ്ടതുമാണ്.

## 1-20 സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചു - 100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 103/21 |
| പ്രോജക്റ്റിന്റെ പേര് | നേർ കാഴ്ച - ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതികളുടെ ഡോക്യുമെന്റേഷൻ |
| അടങ്കൽ | 100000 |
| ചെലവ് | 100000 |
| ബിൽ നമ്പർ | 10/24-4-20 തുക 20000 ,<br>48/20-10-20 തുക 80000 |
| ഫണ്ടിനം | വികസന ഫണ്ട് ജനറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പദ്ധതി പ്രകാരം ബ്ലോക്ക് പഞ്ചായത്തിന്റെ ഭരണ സമിതിയുടെ വിവിധ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ, പടവുകൾ എന്ന പേരിലുള്ള വാർത്താ പത്രിക പുറത്തിറക്കൽ എന്നിവക്കായി മേൽ ബില്ലുകൾ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സ ഉ 1591/തസ്വ ഭ വ തി-12-6-18, 23-5-18ലെ കോ ഓർഡിനേഷൻ കമ്മറ്റിയുടെ തീരുമാനം എന്നിവ പ്രകാരം ഒരു ഭരണ സമിതിയുടെ കാലഘട്ടത്തിൽ ഒരിക്കൽ മാത്രം തദ്ദേശ സ്ഥാപനങ്ങളുടെ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഡോക്യുമെന്റ് ചെയ്യാൻ പരമാവധി ഒരു ലക്ഷം രൂപ തനതുഫണ്ടിൽ നിന്നും ചെലവഴിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ മേൽ പദ്ധതിക്കായി തനതുഫണ്ട് അക്കൌണ്ടിൽ നിന്നും തക ചെലവഴിക്കാതെ പ്ലാൻ ഫണ്ടിൽ നിന്നുമാണ് തുക ചെലവഴിച്ചിരിക്കുന്നത്. സർക്കാർ ഉത്തരവിന് വിരുദ്ധമായി നടത്തിയ ചെലവ് ക്രമ പ്രകാരമല്ല .

2) 26-8-20 ലെ 5(5) തീരുമാന പ്രകാരം, പടവുകൾ എന്ന പേരിലുള്ള വാർത്താ പത്രികയുടെ പ്രിന്റിംഗ് ഡിസൈനിംഗ് ക്വട്ടേഷൻ ലഭിച്ച കളർ ട്രാക്ക് തിരുവനന്തപുരം എന്ന സ്ഥാപനത്തിന് പ്രിന്റിംഗ് ജോലികൾ സമയ ബന്ധിതമായി

പൂർത്തീകരിക്കുന്നതിന് ഐ ഒ ബി ശാർക്കര അക്കൌണ്ടിൽ നിന്നും ചെക്ക് നമ്പർ 290067/28-9-20 പ്രകാരം 50000 രൂപ അഡ്വാൻസ് അനുവദിച്ചു ( പ്രസ്തുത അഡ്വാൻസ് തുക പിന്നീട് വികസന ഫണ്ടിൽ നിന്നും ബിൽ നം 48/ 20-10-20 പ്രകാരം പിൻവലിച്ച 80000 രൂപയിൽ 50000 രൂപ സെപ്റ്റംബർ മാസത്തിൽ തനത് ഫണ്ടിൽ നിന്നും അനുവദിച്ച അഡ്വാൻസിലേക്ക് റീ ക്ലപ്പ് ചെയ്യുകയും ബാക്കി 30000 രൂപ കളർ ട്രാക്കിനനുവദിക്കുകയും ചെയ്തു). സ്ഥാപനം ഇൻവോയ്സ് ലഭ്യമാക്കുന്നത് 12-10-20നാണ്. ഇത്തരത്തിൽ ഒരു സ്വകാര്യ സ്ഥാപനത്തിന് അഡ്വാൻസ് തുക അനുവദിക്കാൻ അടിസ്ഥാനമാക്കിയ ഉത്തരവ് ലഭ്യമാക്കുവാൻ ഓഡിറ്റ് എൻക്വയറി 27/12-4-20 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല .

3) കളർ ട്രാക്ക് ലഭ്യമാക്കിയ ഇൻവോയ്സ് നമ്പർ 32ACPPU1728GIZG പ്രകാരം 10000 കോപ്പി അച്ചടിച്ചതിന് ആകെ 80000 രൂപ സ്ഥാപനത്തിന് നൽകിയതും ഡോക്യുമെന്റേഷൻ നടത്തിയ മാംഗോ പീൽസ് എന്ന സ്ഥാപനത്തിന് നൽകിയ 20000 രൂപയും മാത്രമെ സുലേഖ ചെലവ് പത്രികയിൽ രേഖപ്പെടുത്തിയിട്ടുള്ളൂ. ചെക്ക് നമ്പർ 290069/12-11-20 പ്രകാരം 20000 രൂപ കൂടി കളർ ട്രാക്കിന് അനുവദിച്ചിട്ടുണ്ട്.( ടി തുക സ്പോൺസർഷിപ്പിലൂടെ കിട്ടിയതെന്നാണ് അറിയിച്ചത് ) ആയത് ,സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല .

4) വാർത്താ പത്രിക സ്റ്റോക്കിലെടുത്തതിന്റെ വിവരം ലഭ്യമല്ല .
മേൽ അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കുന്നതു വരെ 100000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-21 കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ - വിനിയോഗ വിവരം ലഭ്യമല്ല - 300000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | 41/21 |
| പ്രോജക്റ്റിന്റെ പേര് | കോവിഡ് രോഗ ബാധയുടെ പ്രതിരോധപ്രവർത്തനങ്ങൾ, പരിരക്ഷ പ്രവർത്തനങ്ങൾ |
| അടങ്കൽ | 300000 |
| ചെലവ് | 300000 |
| ബിൽ നമ്പർ | 46/16-10-20 |
| ഫണ്ടിനം | വികസന ഫണ്ട് ( ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

പദ്ധതി പ്രകാരം കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ബ്ലോക്കിന് കീഴിലുള്ള ആറു പഞ്ചായത്തുകൾക്ക് 50000 രൂപ വീതം സിൻഡിക്കേറ്റ് ബാങ്ക് കടക്കാവൂർ ശാഖയിൽ നിന്നും ( ആരോഗ്യ പുരസ്കാരം അക്കൌണ്ട്) നൽകുകയും മേൽ ബിൽ പ്രകാരം പ്രസ്തുത തുക വികസന ഫണ്ടിൽ നിന്നും സിൻഡിക്കേറ്റ് ബാങ്കിലേക്ക് റീ ക്ലപ്പ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

| ചെക്ക് നമ്പർ | ഗ്രാമപഞ്ചായത്ത് |
|---|---|
| 204772/7-4-20 | ചിറയിൻകീഴ് |
| 204773/,, | മുദാക്കൽ |
| 204774/,, | കിഴുവിലം |

| | |
|---|---|
| 204775/,, | അഞ്ചുതെങ്ങ് |
| 204776/,, | കടക്കാവൂർ |
| 204777/,, | വക്കം |

204772/7-4-20 ചെക്ക് പ്രകാരം ചിറയിൻകീഴ് ഗ്രാമപഞ്ചായത്ത് കൈപ്പറ്റിയ തുകക്കുള്ള കൈപ്പറ്റ് രസീത് ഫയലിൽ ലഭ്യമല്ല. തുക കൈപ്പറ്റിയ ഗ്രാമ പഞ്ചായത്തുകളുടെ വിനിയോഗ സാക്ഷ്യപത്രവും ഫയലിലില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/12-4-20)രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനക്ക് നൽകുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. മേൽ രേഖകൾ ലഭ്യമാക്കും വരെക്കും 300000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## 1-22 ടി എസ് പി ഫണ്ട് തിരിച്ചടവാക്കാൻ കാല താമസം

| | |
|---|---|
| പ്രോജക്ട് നമ്പർ | 11/21 |
| പ്രോജക്ടിന്റെ പേര് | എസ്.ടി അലോട്ട്മെന്റ് തിരിച്ചടവ് |
| അടങ്കൽ | 149000 |
| ചെലവ് | 149000 |
| ബിൽ നമ്പർ | 62/31-3-21 തുക 149000 |
| ഫണ്ടിനം | ടി.എസ്.പി |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ടി.എസ്.പി അലോട്ട്മെന്റ് തുക തിരിച്ചടവാക്കുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചിരുന്നത്. മേൽ ബിൽ പ്രകാരം തുക പിൻവലിച്ച് തനതു ഫണ്ട് അക്കൌണ്ടിലേക്ക് (IOB 102601000003873 -ശാർക്കര ശാഖ) 31-3-21ന് ഡെപ്പോസിറ്റ് ചെയ്തെങ്കിലും തൻ വർഷം പദ്ധതി വിഭാവനം ചെയ്തതു പോലെ ടി.എസ്.പി ഫണ്ട് ബന്ധപ്പെട്ട അക്കൌണ്ട് ഹെഡ്ഡിലേക്ക് തിരിച്ചടവാക്കിയില്ല. പ്രസ്തുത തുക തിരിച്ചടവാക്കുന്നത് 31-3-22 ന മാത്രമാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ വികസന രേഖ പ്രകാരം പട്ടിക വർഗ്ഗ ജനസംഖ്യ ഇല്ലാതിരുന്നിട്ടും ടി.എസ്.പി ഫണ്ട് പിൻവലിച്ചതിലും, ഈയിനത്തിൽ ചെലവില്ലാതിരുന്നിട്ടും തുക തിരിച്ചടക്കാൻ ഒരു വർഷത്തോളം കാല താമസം വന്നതിലും വ്യക്തത വരുത്താൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 27/12-4-22) മറുപടിയായി, കോവിഡ് മൂലമാണ് തുക തിരിച്ചടവാക്കുന്നതിന് കാല താമസം വന്നതെന്നാണ് വിശദീകരിച്ചിട്ടുള്ളത്. പ്രസ്തുത മറുപടി അംഗീകരിക്കത്തക്കതല്ല. സർക്കാർ ഫണ്ടുകൾ കൈകാര്യം ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നത് ധന ദുർവിനിയോഗത്തിന് ഇടയാക്കുമെന്നതിനാൽ ഭാവിയിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധ പുലർത്തേണ്ടതാണ് .

## 1-23 സർക്കാർ നിർദ്ദേശത്തിൽ നിന്നും വിഭിന്നമായി സബ്സിഡി തുക കൈമാറി

| | |
|---|---|
| പ്രോജക്ട് നമ്പർ | 121/21 |
| പ്രോജക്ടിന്റെ പേര് | സുഭിക്ഷ കേരളം -പശു വളർത്തൽ പദ്ധതി (SC) |
| അടങ്കൽ | 450000 |
| ചെലവ് | 90000 |

| | |
|---|---|
| ബിൽ നമ്പർ | 17/3-3-21 |
| ഫണ്ടിനം | വികസന ഫണ്ട് ജനറൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ |

പദ്ധതി പ്രകാരം പശുവിനെ വാങ്ങുന്നതിനായി ശിവ കുമാർ, ശ്രുതി നിവാസ്, കെട്ടുപുര, അഞ്ചു തെങ്ങ് എന്നയാൾക്ക് 90000 രൂപ സബ്സിഡിയായി നൽകിയിട്ടുണ്ട് . പശുവിനെ വാങ്ങിയിരിക്കുന്നത് കടക്കാവൂർ ക്ഷീര സഹകരണ സംഘത്തിനു കീഴിലുള്ള കിടാരി ഫാം, പ്രീത, പുതിക്കരി വയൽ വീട്, ചിറയിൻ കീഴ് എന്നിവരിൽ നിന്നുമാണ്. ഫയൽ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കണ്ടു.

1 . സബ്സിഡി മാർഗ്ഗ രേഖ പ്രകാരം പശുവിന്റെ വില ബാങ്കിൽ നിന്നും വിൽപനക്കാരന്റെ അക്കൌണ്ടിലേക്ക് നൽകുന്നതിനാണ് നിർദ്ദേശമുള്ളത്. ഗുണഭോക്താവിന്റെ പേരിലുള്ള സ്വർണ പണയവായ്പ എടുത്ത സൌത്ത് ഇന്ത്യൻ ബാങ്കിന്റെ 019165300001884 എന്ന അക്കൌണ്ടിലേക്കാണ് ബിൽ പ്രകാരമുള്ള തുക നൽകിയിട്ടുള്ളത്. പശുവിനെ വാങ്ങാൻ ലോൺ എടുത്ത അക്കൌണ്ടിലേക്ക് തുക നൽകാതെ സ്വർണ പണയ വായ്പ എടുത്ത അക്കൌണ്ടിലേക്ക് നൽകിയതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/13.04.22) ലഭ്യമാക്കിയ മറുപടിയായി ഗുണഭോക്തൃ ലിസ്റ്റ് 23-3-21നു മാത്രം ആണ് ലഭ്യമായതെന്നും സാമ്പത്തിക വർഷത്തിന്റെ അവസാനമായതിനാൽ പശുവിനെ വാങ്ങുന്നതിനായി ലോൺ നൽകുന്നതിന് ബാങ്കുകൾ തയ്യാറല്ലാത്തതിനാലുമാണ് ഇത്തരത്തിൽ സ്വർണ പണയ വായ്പ എടുത്ത അക്കൌണ്ടിലേക്ക് തുക നൽകിയതെന്നുമാണ് അറിയിച്ചിട്ടുള്ളത്. പദ്ധതി നടപ്പിലാക്കുന്നതിനായി ഒരു വർഷത്തോളം ഉണ്ടായിരുന്നിട്ടും സമയബന്ധിതമായി ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമാക്കുന്നതിനും ബാങ്ക് വായ്പ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിലും വീഴ്ച വന്നിട്ടുണ്ട്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നും ശ്രദ്ധയുണ്ടാകേണ്ടതാണ്.

## 1-24 പി എം എ വൈ പദ്ധതി - പൂർത്തിയാക്കാത്ത ഭവനങ്ങൾ - നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്

പി.എം.എ.വൈ പദ്ധതിക്കു കീഴിൽ ഭവന നിർമ്മാണത്തിനായി വിവിധ വർഷങ്ങളിലായി തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| പഞ്ചായത്തിന്റെ പേര് | ഗുണഭോക്താവിന്റെ പേര് | പി.എം.എ.വൈ ഡി | തുക അനുവദിച്ച തിയ്യതി | കൈപ്പറ്റിയ തുക |
|---|---|---|---|---|
| കിഴുവിലം | ഗീത ജി | KL1072699 | 2017-18 | 93000 |
| കിഴുവിലം | അജിത കുമാരി | KL10 45973 | 2017-18 | 48000 |
| കിഴുവിലം | സു ഷമ | KL1076378 | 2017-18 | 219000 |
| കിഴുവിലം | സാവിത്രി | KL11583 | 2017-18 | 48000 |
| കിഴുവിലം | ഓമന | KL1087441 | 2016-17 | 48000 |
| കടക്കാവൂർ | ശോഭന | KL1106961 | 2016-17 | 48000 |
| അഞ്ചുതെങ്ങ് | ഷാജഹാൻ | KL1134703 | 2016-17 | 80000 |
| അഞ്ചുതെങ്ങ് | ലോവാനീസ് | KL1072996 | 2016-17 | 276000 |

| | | | | |
|---|---|---|---|---|
| അഞ്ചുതെങ്ങ് | തങ്കപ്പൻ | KL1097016 | 2016-17 | 48000 |
| അഞ്ചുതെങ്ങ് | അമ്പിളി | KL1072986 | 2016-17 | 80000 |

ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 പഠനമുറി (എസ് സി പി) - പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S0043/21 |
| പ്രോജക്ടിന്റെ പേര് | പഠനമുറി (എസ് സി പി) |
| അടങ്കൽ | 6408712<br>വികസന ഫണ്ട്-എസ് സി പി |
| ചെലവ് | 3965500 |
| ബിൽ നമ്പർ | 72/12-02-2021 തുക 250000/- |
| നിർവ്വഹണം | എസ് സി ഡി ഒ |

2020-21 വർഷം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 6 പഞ്ചായത്തുകളിലേയും അർഹരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി മാർഗരേഖ പ്രകാരം അനുവദനീയമായ സബ്‌സിഡി 200000/- രൂപ അനുവദിക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ആകെ 30 ഗുണഭോക്താക്കൾക്കാണ് പഠനമുറി നിർമ്മിക്കുന്നതിനായി തുക അനുവദിച്ചു. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

എ)പഠന മുറി നിർമ്മാണം പൂർത്തീകരിച്ചില്ല

ഗുണഭോക്താവ് ചമച്ച കരാർ പത്രിക (18.02.2021) ഖണ്ഡിക 5 പ്രകാരം, പഠനമുറിയുടെ നിർമ്മാണം കരാർ പത്രിക തീയതി മുതൽ രണ്ട് മാസത്തിനകം പൂർത്തിയാക്കുന്നതാണെന്നുണ്ട്. ശോഭ പി (അഭിരാമി എസ് എസ് ) ഇടയ്ക്കോട് കാട്ടുവിളവീട്, പെരുംകുളം എന്ന ഗുണഭോക്താവ് 12.02.2021ൽ ഒന്നാം ഗഡു 50000/- രൂപ പഠനമുറിയുടെ നിർമ്മാണത്തിനായി കൈപ്പറ്റിയിട്ടുണ്ടെങ്കിലും നാളിതുവരെ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. കൂടാതെ പ്രസ്തുത വ്യക്തിയുടെ അപേക്ഷ പരിശോധിച്ചതിൽ ശ്രീമതി ശോഭ പി അപേക്ഷയോടൊപ്പം നൽകിയ അക്കൌണ്ട് വിശദാംശം ഇൻഡ്യൻ ഓവർസീസ് ബാങ്കിന്റേതാണ് (A/c No.078401000005244). എന്നാൽ ബിൽ പ്രകാരം തുക നൽകിയിട്ടുള്ളത് എസ് ബി ഐ യുടെ അക്കൌണ്ടിലേക്കാണ് (A/c No. 67151630771).

ഇൻഡ്യൻ ഓവർസീസ് ബാങ്കിലെ അക്കൌണ്ടിലേക്ക് അനുവദിച്ച തുക ക്രെഡിറ്റ് ചെയ്യാൻ സാങ്കേതിക തടസ്സം നേരിട്ടതിന്റെ അടിസ്ഥാനത്തിൽ, എസ് ബി ഐ യുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണുണ്ടായതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 31/13.04.2022ന്റെ മറുപടി). പഠന മുറി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നേരിട്ടും കത്ത് മുഖേനയും നിരവധി പ്രാവശ്യം അറിയിപ്പ് നൽകിയിട്ടും നിർമ്മാണം പൂർത്തിയാക്കിയില്ലായെന്നും അറിയിച്ചിട്ടുണ്ട്.

നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ ധനസഹായതുക തിരികെ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ബി)വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ 140000/-രൂപ ചെലവ് വന്ന നിർമ്മാണത്തിന് 150000/- രൂപ ഗുണഭോക്താവിന് നൽകി

മനോജ് എസ് (അഞ്ജു ), അഞ്ജു ഭവൻ കോള്ളൂർ, ഊരുപൊയ്ക എന്ന വ്യക്തിയുടെ അപേക്ഷ പരിശോധിച്ചതിൽ പഠനമുറിയുടെ നിർമ്മാണത്തിനായി ഗ്രൌണ്ട് ഫ്ലോറിൽ സ്ഥല സൌകര്യമില്ലാത്തതിനാൽ ഓട് മാറ്റി മേൽക്കൂര വാർക്കുന്നതിനായി 400000/- രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ട്. പഠനമുറി നിർമ്മിക്കുന്നതിന് അഡ്വാൻസായി 50000/-രൂപ 12.02.2021ൽ അനുവദിച്ചു. കൂടാതെ നിർമ്മാണത്തിന്റെ ആദ്യ ഘട്ടം പൂർത്തിയായതിനാൽ വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ (120000) അടിസ്ഥാനത്തിൽ രണ്ടാം ഘട്ടം തുകയായി 100000/- രൂപ അനുവദിച്ചു. എന്നാൽ പണി പൂർത്തിയായതിന്റെ വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ (18.10.2021) 140000/-രൂപയാണ് ചെലവായതായി രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവ് (സാധാ) നം.221/2020/തസ്വഭവ തീയതി 28.01.2020 പ്രകാരം ആദ്യ ഗഡു നൽകി നിർമ്മാണം നടത്തി വാല്യുവേഷന്റെ അടിസ്ഥാനത്തിൽ രണ്ടാം ഗഡുവായ 75000/-രൂപ നൽകാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ മാനദണ്ഡം പാലിക്കാതെ രണ്ടാം ഗഡുവായി 100000/- നൽകിയതിനാലാണ് ഇത്തരത്തിൽ അപാകത സംഭവിച്ചത്. വാല്യുവേഷൻ സർട്ടിഫിക്കറ്റിൽ 140000/-രൂപ ചെലവ് വന്ന നിർമ്മാണത്തിന്

150000/- രൂപ ഗുണഭോക്താവിന് നൽകിയത് ക്രമപ്രകാരമല്ല.

പഠനമുറിക്ക് രണ്ട് ലക്ഷം രൂപയിൽ കൂടുതൽ ചെലവായതായി കണ്ട് ബോധ്യപ്പെട്ടുകയും ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് വാല്യുവേഷൻ തുകയേക്കാൾ അധികരിക്കാത്ത തുക നൽകുകയും ചെയ്തതായി വിശദീകരിച്ചിട്ടുണ്ട്. എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ പഠന മുറി നിർമ്മാണത്തിന്റെ വാല്യുവേഷൻ പുന പരിശോധിക്കുന്നതിന് ബ്ലോക്ക് കമ്മിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയതായും അറിയിച്ചിട്ടുണ്ട്.
തുടർ നടപടി വിവരങ്ങൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-26 അധിക വിസ്തൃതിയിലുള്ള വീടിന് പഠന മുറിക്കായി ധനസഹായം

| | |
|---|---|
| പ്രോജക്ട് നമ്പർ | S0080/21 |
| പ്രോജക്ടിന്റെ പേര് | പഠനമുറി (എസ് സി പി)<br>സ്പിൽ ഓവർ |
| അടങ്കൽ | 234000/-<br>വികസന ഫണ്ട്-എസ് സി പി |
| ചെലവ് | 234000/- |
| ബിൽ നമ്പർ | 33/12-02-2021തുക 170000/- |
| നിർവ്വഹണം | എസ് സി ഡി ഒ |

2020-21 വർഷം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 6 പഞ്ചായത്തുകളിലേയും അർഹരായ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനായി മാർഗരേഖ പ്രകാരം അനുവദനീയമായ സബ്സിഡി 200000/- രൂപ അനുവദിക്കുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ആകെ 26 ഗുണഭോക്താക്കൾക്കാണ് പഠനമുറി നിർമ്മിക്കുന്നതിനായി തുക അനുവദിച്ചത്.

സബ്സിഡി മാർഗരേഖ [സ.ഉ.(കൈ) നം. 22/2018/തസ്വഭവ തീയതി 14.02.2018] ഖണ്ഡിക 7.2.17 പ്രകാരം നിലവിലുള്ള 800 ചതുരശ്ര അടിയിൽ അധികമാകാത്ത വീടിനോട് ചേർത്ത് 100 ചതുരശ്ര അടിയിൽ അധികരിക്കാത്ത പഠനമുറി നിർമ്മാക്കാവുന്നതാണ്. സ.ഉ.(സാധാ)നം. 2636/2018/തസ്വഭവ തീയതി 15.10.2018 പ്രകാരം പഠനമുറിയുടെ തറവിസ്തീർണത്തിന്റെ ഉയർന്ന പരിധി 100 ചതുരശ്ര അടി എന്നത് 120 ചതുരശ്ര അടിയായി ഏകീകരിച്ചിട്ടുണ്ട്.

2020-21 വർഷം 150000 രൂപ ധനസഹായം കൈപ്പറ്റിയ രജനി.ബി (ഉജ്ജ്വല.ആർ) എന്ന ഗുണഭോക്താവിന്റെ നിലവിലുണ്ടായിരുന്ന വീടിന്റെ വിസ്തൃതി, ചിറയിൻകീഴ് ഗ്രാമപഞ്ചായത്തിന്റെ വസ്തുനികുതി നിർണയ വിവരങ്ങൾ പ്രകാരം 76.53 ചതുരശ്രമീറ്ററാണ് (823.46 ചതുരശ്ര അടി). ഇത്തരത്തിൽ മാർഗരേഖയിലെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി 800 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തൃതിയിൽ വീടുള്ള ഗുണഭോക്താവിന് പഠനമുറി നിർമ്മിക്കുന്നതിനുള്ള ആനുകൂല്യം നൽകിയത് ക്രമപ്രകാരമല്ല.
ചതുരശ്ര അടിയും ചതുരശ്ര മീറ്ററും തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കാതെയാണ് ആനുകൂല്യം അനുവദിച്ചതെന്ന് വിശദീകരിച്ചിട്ടുണ്ട് (ഓഡിറ്റ് എൻക്വയറി നമ്പർ 32/13.04.2022ന്റെ മറുപടി). ഭാവിയിൽ ഇപ്രകാരമുള്ള അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-27 സ്നേഹസ്പർശം- രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല - 1622610 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S0039/21 |

| | |
|---|---|
| പ്രോജക്ടിന്റെ പേര് | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് |
| അടങ്കൽ | 1724250 (വികസന ഫണ്ട് ജനറൽ) |
| ചെലവ് | 1622610 |
| ബിൽ നമ്പർ | 246/10-11-2020 തുക 82000/-<br>250/11-11-2020 തുക 95750/-<br>276/12-01-2021 തുക 50000/-<br>341/16-02-2021 തുക 85750/-<br>342/17-02-2021 തുക 216985/-<br>343/17-02-2021 തുക 224000/-<br>314/20-01-2021 തുക 169125/-<br>315/20-01-2021 തുക 103125/-<br>355/22-02-2021 തുക 78125/-<br>465/31-03-2021 തുക 212625/-<br>466/31-03-2021തുക 25000/-<br>467/31-03-2021 തുക 210625/-<br>468/31-03-2021 തുക 69500/- |
| നിർവ്വഹണം | സി ഡി പി ഒ |

ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള ആറു പഞ്ചായത്തുകളിലേയും മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പ്രോജക്ട്. മേൽ പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

എ)2020-21 സാമ്പത്തിക വർഷം സ്നേഹസ്പർശം പദ്ധതിയിക്കായി ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 6 ഗ്രാമപഞ്ചായത്തുകളിലേയ്ക്ക് അനുവദിച്ച 1622610/- രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ അക്കൌണ്ടുകളിലേയ്ക്ക് വിവിധ ബില്ലുകൾ പ്രകാരം കൈമാറിയിരിക്കുന്നു. എന്നാൽ ഓരോ ഗ്രാമ പഞ്ചായത്തിനും നൽകിയ തുകയുടെ വിശദാംശം ലഭ്യമല്ല.

ബി)പ്രോജക്ടിന്റെ ഗുണഭോക്തൃലിസ്റ്റ്, തുക ആവശ്യപ്പെട്ടുകൊണ്ടുള്ള പഞ്ചായത്ത് സെക്രട്ടറിമാരുടെ റിക്വിസിഷൻ എന്നിവ ഓഡിറ്റിന് ലഭ്യമാക്കാത്തതിനാൽ പഞ്ചായത്തുകൾക്ക് കൈമാറിയ തുകയുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

സി)പ്രസ്തുത പ്രോജക്ട് പ്രകാരം ലഭ്യമായ തുകയുടെ വിനിയോഗം സംബന്ധിച്ച സാക്ഷ്യപത്രം ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭ്യമായിട്ടില്ല. രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ10/07.04.2022) മറുപടി ലഭ്യമാക്കിയില്ല.
പ്രസ്തുത സാഹചര്യത്തിൽ 1622610 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 ഭിന്ന ശേഷിക്കാർക്ക് ട്രൈസ്കൂട്ടർ - വിതരണത്തിലെ അപാകതകൾ - 92726/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | S00112/21 |
| പ്രോജക്ടിന്റെ പേര് | ഭിന്ന ശേഷിക്കാർക്ക് ട്രൈസ്കൂട്ടർ |

| | |
|---|---|
| അടങ്കൽ | 2080000<br>വികസന ഫണ്ട്-ജനറൽ |
| ചെലവ് | 927260 |
| ബിൽ നമ്പർ | 01/18-02-2021 |
| നിർവ്വഹണം | സി ഡി പി ഒ |

2020-21 വർഷം ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള 6 പഞ്ചായത്തുകളിലേയും തിരഞ്ഞെടുക്കപ്പെട്ട ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവർക്ക് ട്രൈ സ്കൂട്ടർ വിതരണം ചെയ്യുന്നതിനാണ് പ്രോജക്ട് വിഭാവനം ചെയ്തത്. ടെണ്ടറുകൾ ക്ഷണിച്ച് ഏറ്റവും കുറവ് ക്വോട്ട് ചെയ്ത 'ബ്ലോസം മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡ്'' എന്ന സ്ഥാപനത്തിന് 10 സ്കൂട്ടർ, സ്കൂട്ടർ ഒന്നിന് 92726/- നിരക്കിൽ വിതരണം ചെയ്യാൻ 11.02.2021 ലെ ICDS/CKL/ 72/2021ാം നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകി. പ്രസ്തുത പ്രോജക്ട് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സബ്സിഡി മാർഗരേഖ (സർക്കാർ ഉത്തരവ് നമ്പർ 22/2018/LSGD തീയതി14.02.2018) പ്രകാരം 40% അധികം വൈകല്യമുള്ള ലേണേഴ്സ് ലൈസൻസ് ഉള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യത്തിനർഹത എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിയുടെ ഗുണഭോക്താവായിരുന്ന ശ്രീ. വിജയകുമാരൻ നായരുടെ മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിൽ വൈകല്യത്തിന്റെ ശതമാനം രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ബ്ലോസം മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ 03.08.21 ലെ കത്തിൽ ശ്രീ. വിജയകുമാരൻ നായരുടെ ഭിന്നശേഷി സർട്ടിഫിക്കറ്റ് പ്രകാരം നികുതി ഇളവ് നൽകാൻ കഴിയില്ല എന്ന് ആർ റ്റി ഒ അറിയിച്ചതായി പരാമർശിക്കുന്നു. അതിനാൽ സ്കൂട്ടർ ബ്ലോസം മോട്ടോഴ്സ് പ്രൈവറ്റഡ് ലിമിറ്റഡ് എന്ന സ്ഥാപനം സപ്ലൈ ചെയ്തിട്ടില്ല. കൂടാതെ സ്കൂട്ടർ രജിസ്ട്രേഷൻ ചെയതിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. വിതരണ രജിസ്റ്റർ പരിശോധിച്ചതിൽ ഒൻപത് സ്കൂട്ടർ മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന സമയത്ത് യോഗ്യരായ മറ്റ് വ്യക്തികൾ ഉണ്ടായിരിക്കെ താരതമ്യേന കുറവ് വൈകല്യം ഉള്ള വ്യക്തിയെ തിരഞ്ഞെടുക്കാനുണ്ടായ സാഹചര്യം, ബ്ലോസം മോട്ടോഴ്സ് പ്രൈവറ്റ് ലിമിറ്റഡിന് നൽകിയ ഒരു സ്കൂട്ടറിന്റെ തുക തിരികെ ലഭിച്ചതിന്റെ വിവരം എന്നിവ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/07.04.2022) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്കൂട്ടർ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുന്നത് വരെ സ്കൂട്ടറിന്റെ വിലയായ 92726/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2. പദ്ധതി പ്രകാരം വാഹനം കൈപ്പറ്റിയ ചുവടെ ചേർത്തിരിക്കുന്നവർക്ക് ലേണേഴ്സ് ലൈസൻസിന്റെ അടിസ്ഥാനത്തിലാണ് വാഹനം നൽകിയിരിക്കുന്നത്. ഇവർ ലൈസൻസ് നേടിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | ലേണേഴ്സ് ലൈസൻസിന്റെ കാലാവധി |
|---|---|
| പ്രസന്നൻ | 26/5/2021 വരെ |
| ദിവ്യ എസ് | 17/08/2021 വരെ |
| ശശിധരൻ നായർ .കെ | 21/08/2021വരെ |
| ബാബു | 07/09/2021 |

3. ശ്രീമതി ലീന എസ് എന്ന ഗുണഭോക്താവ് ലേണേഴ്സ് ലൈസൻസ് ടെസ്റ്റിനുള്ള അപ്പോയിന്റ്മെന്റ് ലെറ്റർ ആണ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ളത്. ഇവർ ലൈസൻസ് നേടിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 9/ 07.04.2022) മറുപടി ലഭ്യമാക്കിയില്ല.

സബ്സിഡി മാർഗനിർദ്ദേശങ്ങൾ പാലിച്ച് പ്രോജക്ട് നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-29 പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗ വിവരം ലഭ്യമല്ല -437500 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 95/21 |
| പ്രോജക്റ്റിന്റെ പേര് | പ്രത്യേക കന്നുകുട്ടി പരിപാലനം |
| അടങ്കൽ | 437500 |
| ചെലവ് | 437500 |
| ബിൽ നമ്പർ | 6/12-5-20 |
| ഫണ്ടിനം | വികസന ഫണ്ട് ( ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ |
| ഓഡിറ്റ് എൻക്വയറി | 29/13-4-22 |

പദ്ധതി പ്രകാരം കിഴുവിലം ഗ്രാമ പഞ്ചായത്തിലെ 21 ഗുണഭോക്താക്കൾക്കും ചിറയിൻകീഴ് ഗ്രാമ പഞ്ചായത്തിലെ 9 ഗുണഭോക്താക്കൾക്കും മുദാക്കൽ ഗ്രാമ പഞ്ചായത്തിലെ 5 ഗുണഭോക്താക്കൾക്കുമായി മേൽ ബിൽ പ്രകാരം തുക SLBP ക്ക് 437500 കൈമാറിയിട്ടുണ്ട്. തുകയുടെ വിനിയോഗ സാക്ഷ്യ പത്രം , ഗുണഭോക്താക്കൾ മുടക്കം കൂടാതെ കാലി തീറ്റ വാങ്ങുന്നുണ്ടെന്ന് ഉറപ്പു വരുത്താനുതകുന്ന രേഖകൾ എന്നിവ ഫയലിൽ ലഭ്യമല്ല. രേഖകൾ ലഭ്യമാക്കും വരെക്കും 437500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

1-30 ഐ എ വൈ ലോൺ തിരിച്ചടവ്- അപാകങ്ങൾ

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 155/21 |
| പ്രോജക്റ്റിന്റെ പേര് | IAY ലോൺ തിരിച്ചടവ് |
| അടങ്കൽ | 3853526 |
| ചെലവ് | 3853526 |
| ബിൽ നം | 56/12-3-21തുക 668411<br>57/12-3-21തുക 489135<br>60/31-3-21തുക 2317070<br>64/31-3-21 തുക 378910 |
| ഫണ്ടിനം | വികസന ഫണ്ട് ( ജനറൽ)& ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

2011-12 വർഷത്തെ ഐ എ വൈ ഗുണഭോക്താക്കൾക്ക് അധിക ബാദ്ധ്യത പരിഹരിക്കുന്നതിനായി ഇടക്കോട് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും എടുത്ത വായ്പ തുക 15716148 രൂപയുടെ മുതൽ തിരിച്ചടവായി തൻവർഷം 3853526 രൂപ അടക്കുന്നതിനാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പദ്ധതിയുമായി ബന്ധപ്പെട്ടുള്ള ഫയൽ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപാകതകൾ കണ്ടു .

1) ലോൺ അക്കൌണ്ടിലേക്ക് ആദ്യ ഗഡു 28-3-16 ന് അടവാക്കിയതിനുശേഷം പീന്നിട് തൻ വർഷം മാത്രമാണ് അടവാക്കിയിട്ടുള്ളത് . ഇക്കാലയളവിൽ തുക അടവാക്കാതിരുന്നതിന് കാലതാമസം വന്നതിന് തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല.

2) തുകയുടെ അടവു വിശദാംശങ്ങൾ ലോൺ രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)ലോൺ എടുക്കുന്നതിനുള്ള സർക്കാർ അനുമതി, ലോൺ തിരിച്ചടവിന്റെ വ്യവസ്ഥകൾ ഉൾപ്പെടുത്തി ബാങ്കുമായി ഏർപ്പെട്ട കരാർ എന്നിവ ലഭ്യമാക്കിയില്ല.

4)2019-20 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-5 ൽ 3693515 രൂപയാണ് സെക്യൂർഡ് ലോൺ ഇനത്തിൽ തിരിച്ചടവിനായി അവശേഷിക്കുന്നത്. 2020-21 വർഷത്തെ B-5 ൽ 9901006 രൂപ ഈയിനത്തിൽ തിരിച്ചടക്കാനുള്ളതായി രേഖപ്പെടുത്തലുണ്ട്. തുകയിൽ വന്ന വ്യത്യാസത്തിന് കാരണം വ്യക്തമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26/12-4-22) മറുപടിയായി പ്രസ്തുത ലോൺ തുക മുൻവർഷങ്ങളിൽ ഉൾപ്പെടുത്താത്തതുകാരണമാണ് വ്യത്യാസം വന്നതെന്നാണ് അറിയിച്ചിട്ടുള്ളത്.

അപാകതകൾ പരിഹരിച്ച് ക്രമ നമ്പർ 2, 3 എന്നിവ പ്രകാരമുള്ള രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-31 സി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ -മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | SO017/21 |
| പ്രോജക്ടിന്റെ പേര് | ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 500000<br>(മെയിന്റനൻസ് ഫണ്ട്) |
| ചെലവ് | 500000 |
| ബിൽ നമ്പർ | 08/13.08.2020 തുക 150000<br>12/09.09.2020 തുക 100000<br>13/22.09.2020 തുക 115003<br>23/11.02.2021 തുക 134997 |
| നിർവഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ -സി.എച്ച്.സി അഞ്ചുതെങ്ങ് |

മരുന്ന് വാങ്ങുന്നതിനായി ഇൻഹൌസ് ഡ്രഗ് ബാങ്കിന് 500000 രൂപ കൈമാറി. എന്നാൽ പ്രസ്തുത തുകയ്ക്കുള്ള മരുന്നുകൾ പൂർണമായും ലഭിച്ചിട്ടില്ല. ലഭ്യമായ മരുന്നുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇൻവോയ്സ് നമ്പർ | തുക | റിമാർക്സ് |
|---|---|---|---|
| 1 | C1183 / 09.05.20 | 11158 | |
| 2 | C1185 / 09.05.20 | 915 | |
| 3 | C 2227 / 23.05.20 | 1014 | |
| 4 | C 2228 / 23.05.20 | 5297 | |
| 5 | C 2764 / 02.06.20 | 3077.50 | |
| 6 | C 4279 / 01.07.20 | 4999.50 | |
| 7 | C 4281 /01.07.20 | 23349.50 | |
| 8 | C 4565/ 08.07.20 | 28375 | |
| 9 | C 4566/ 08.07.20 | 889 | |
| 10 | C 7220/26.08.20 | 33404.50 | |
| 11 | C 8843 / 24.09.20 | 95133.50 | |
| 12 | C 10403 /27.10.20 | 36039.50 | |
| 13 | C 11615 /12.01.20 | 10567 | |
| 14 | C 13338 / 11.12.20 | 100000.50 | RHC വക്കം |
| 15 | C 14953 /12.01.21 | 3397.50 | |
| 16 | C 18128/18.02.21 | 107338.50 | |
| 17 | C 18130/18.08.21 | 2196.50 | |
| 18 | C 19618/09.03.21 | 25461 | |
| ആകെ 492613 | | | |
| 19 | Credit Note 54896/01.07.20 | 2592 | റിട്ടേൺ |

| |
|---|
| ലഭിക്കാൻ ബാക്കിയുള്ള മരുന്നുകളുടെ വില |
| 500000- 492613 +2592 = 9979 രൂപ |

വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 12/07.04.2022) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ പൂർണമായും ലഭ്യമാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-32 താലൂക്ക് ആശുപത്രി സൂപ്രണ്ട് നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകങ്ങൾ

ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ നിർവ്വഹണ ഉദ്യോഗസ്ഥനായി, താലൂക്ക് ആശുപത്രി സൂപ്രണ്ട്, 2020-21 സാമ്പത്തിക വർഷം 12 പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങുകയും 11 എണ്ണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

പ്രോജക്ട് ഫയൽ, ട്രഷറി ബിൽബുക്ക്, ക്യാഷ് ബുക്ക്, സ്റ്റോക്ക് രജിസ്റ്ററുകൾ, പാലിയേറ്റീവ് കെയർ രജിസ്റ്റർ മുതലായവ ഓഡിറ്റ് റിക്വിസിഷൻ നമ്പർ 02/08.04.2022 മുഖേന ആവശ്യപ്പെട്ടിരുന്നു. ഓഡിറ്റ് 05.04.2022ന് ആരംഭിച്ച് 7 ദിവസം കഴിഞ്ഞിട്ടും ചെലവ് രേഖകൾ ഹാജരാക്കാഞ്ഞതിനാൽ വിശദീകരണമാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 23/12.04.2022) നല്കിയതിനെത്തുടർന്ന് 13.04.2022നാണ് രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കിയത്.

പ്രോജക്ടുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1)

| പ്രോജക്ട് നം. | പേര് | ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| SO027/21 | ചിറയിൻകീഴ് താലൂക്ക് ആശുപത്രി - മരുന്ന് വാങ്ങൽ | മെയിന്റനൻസ് ഫണ്ട് | 500000 | 480000 |

ബിൽ നമ്പർ 45/05.10.2020 പ്രകാരം 480000 രൂപയ്ക്ക് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മരുന്നുകൾ വാങ്ങി. ഡയാലിസിസ് യൂണിറ്റിലേക്ക് ആവശ്യമുള്ള മരുന്നുകൾ വാങ്ങുകയാണുണ്ടായത്. ജനറൽ സ്റ്റോക്ക് രജിസ്റ്ററിന് പകരം ഡയാലിസിസ് പ്രോജക്ടിനായുള്ള സ്റ്റോക്ക് രജിസ്റ്ററിലാണ് മരുന്നുകൾ ഉൾപ്പെടുത്തിയിട്ടുള്ളത്.

എ) ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിച്ചിട്ടില്ല.

ബി) സ്റ്റോക്ക് രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിക്കുന്നില്ല. മരുന്നുകൾ ലഭ്യമാകുന്ന ഇൻവോയിസ് പ്രകാരമുള്ള രേഖപ്പെടുത്തലുകൾ മാത്രമാണുള്ളത്. ഓരോ മരുന്നും പ്രത്യേകം പേജിൽ ഉൾപ്പെടുത്തി മുൻബാക്കിയുൾപ്പെടെ രേഖപ്പെടുത്തുന്നില്ല. ലഭിക്കുന്ന മരുന്നുകൾ പൂർണമായും Issued To Dialysis എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

2)

| പ്രോജക്ട് നം. | പേര് | ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| SO028/21 | പാലിയേറ്റീവ് പരിചരണം | വികസന ഫണ്ട് | 500000 | 500000 |
| | | ധനകാര്യ കമ്മീഷൻ അവാർഡ് | 500000 | 500000 |
| | | ആകെ | 1000000 | 1000000 |

എ)ബിൽ നമ്പർ 03/08.05.2020 തുക 122000 പ്രകാരം ശ്രീ. ദീപു.ജി., ഫിസിയോ തെറാപ്പിസ്റ്റിന് 3/20, 4/20 മാസങ്ങളിലെ വേതനമായി 42700 രൂപ നല്കി. മറ്റ് ബില്ലുകൾ പ്രകാരം ഇതു കഴിഞ്ഞുള്ള മാസങ്ങളിലും വേതനം നല്കിയിട്ടുണ്ട്. വേതന നിരക്ക്, നിയമനം എന്നിവ സംബന്ധിച്ച് വ്യക്തതയില്ല.

ബി) ബിൽ നമ്പർ 94/17.03.2021 പ്രകാരം 48181 രൂപയ്ക്ക് ഇൻഹൌസ് ഡ്രഗ് ബാങ്കിൽ നിന്നും പാലിയേറ്റീവ് കെയർ രോഗികൾക്കാവശ്യമായ Colostomy Bag ഉം അനുബന്ധ സാധനങ്ങളും വാങ്ങി. ഇവ സ്റ്റോക്കിലെടുത്തിട്ടില്ല.

സി)ബിൽ നമ്പർ 115/27.03.2021 പ്രകാരം 25887 രൂപ മരുന്നുകൾക്കായി ഇൻഹൌസ് ഡ്രഗ് ബാങ്കിന് കൈമാറി. ടാക്സ്

ഇൻവോയിസ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്റ്റോക്കിലെടുത്തതായും കാണുന്നില്ല. മരുന്നുകൾ ലഭ്യമായോയെന്ന് വ്യക്തമല്ല.

3)

| പ്രോജക്റ്റ് നം. | പേര് | ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| SO030/21 | വയോമിത്രം - ഡയാലിസിസ് രോഗികൾക്ക് സൌകര്യമൊരുക്കൽ | വികസന ഫണ്ട് | 1000000 | 999979 |

ബിൽ നമ്പർ 116/26.03.2021 പ്രകാരം54879 രൂപ മരുന്നുകൾക്കായി ഇൻഹൌസ് ഡ്രഗ് ബാങ്കിന് കൈമാറി. ടാക്സ് ഇൻവോയിസ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്റ്റോക്കിലെടുത്തതായും കാണുന്നില്ല. മരുന്നുകൾ ലഭ്യമായോയെന്ന് വ്യക്തമല്ല.

4)

| പ്രോജക്റ്റ് നം. | പേര് | ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| SO031/21 | സാമൂഹിക മാനസിക ആരോഗ്യ പരിപാടി (സുരക്ഷ) | വികസന ഫണ്ട് | 500000 | 500000 |

ബിൽ നമ്പർ 99/27.03.2021 പ്രകാരം 14360രൂപ മരുന്നുകൾക്കായി ഇൻഹൌസ് ഡ്രഗ് ബാങ്കിന് കൈമാറി. ടാക്സ് ഇൻവോയിസ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്റ്റോക്കിലെടുത്തതായും കാണുന്നില്ല. മരുന്നുകൾ ലഭ്യമായോയെന്ന് വ്യക്തമല്ല.

5)

| പ്രോജക്റ്റ് നം. | പേര് | ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| SO034/21 | ടിബി രോഗികൾക്ക് ലിവർ - കിഡ്നി ഫംഗ്ഷനിംഗ് ടെസ്റ്റ് | വികസന ഫണ്ട് | 300000 | 297802 |

എ)ബിൽ നമ്പർ 73/16.01.2021 പ്രകാരം 282094 രൂപയും ബിൽ നമ്പർ 93/26.02.2021 പ്രകാരം 15708 രൂപയും ഡിസയർ ഡയഗ്നോസ്റ്റിക്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് യഥാക്രമം ടെസ്റ്റ് കിറ്റുകളും അനുബന്ധ സാധനങ്ങളും, Weekly Cleaning Solutionഉം വാങ്ങുന്നതിനായി നല്കി. പ്രസ്തുത സ്ഥാപനത്തിനെ തിരഞ്ഞെടുത്ത മാനദണ്ഡം, ടെന്റർ നടപടികളുടെ വിവരം എന്നിവ ലഭ്യമല്ല.

ബി) ടെസ്റ്റ് നടത്തിയതിന്റെയും ഗുണഭോക്താക്കളുടെയും വിശദാംശം ലഭ്യമല്ല.

6)

| പ്രോജക്റ്റ് നമ്പർ | പേര് | ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| SO035/21 | ആരോഗ്യ ഭവനം - ജീവിത ശൈലി രോഗ നിയന്ത്രണ പരിപാടി | വികസന ഫണ്ട് | 186800 | 119550 |
| | | ഗ്രാമ പഞ്ചായത്ത് വിഹിതം | 1908000 | 0 |
| | | ഗുണഭോക്തൃ വിഹിതം (സ്ഥാപനത്തിൽ അടയ്ക്കുന്നത്) | 84000 | 0 |
| | | ആകെ | 2934800 | 119550 |

ബിൽ നമ്പർ 36/16.09.2020 പ്രകാരം ഗൃഹ സന്ദർശന കാർഡുകൾ (2000 എണ്ണം), രസീത് ബുക്കുകൾ (50എണ്ണം) എന്നിവ പ്രിന്റ് ചെയ്യുന്നതിന് 4550 രൂപ ചെലവഴിച്ചിട്ടുണ്ട്.

എ) ഗുണഭോക്തൃ വിഹിതം കളക്ട് ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്തിലെ രസീത് ബുക്കുകൾ ഉപയോഗിക്കാതെ പ്രത്യേകമായി പ്രിന്റ് ചെയ്തു.

ബി) പ്രസ്തുത പ്രോജക്ടിനായി ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവ് ഇല്ല. ഗുണഭോക്തൃ വിഹിതമിനത്തിൽ കളക്ട് ചെയ്ത തുകയുടെ വിശദാംശം ലഭ്യമാക്കിയില്ല.

7)

| പ്രോജക്ട് നം. | പേര് | ഫണ്ട് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| SO096/21 | ആരോഗ്യ ഭവനം - ജീവിത ശൈലി രോഗ നിയന്ത്രണ പരിപാടി (SO) | വികസന ഫണ്ട് | 286341 | 100647 |
| | | ഗ്രാമ പഞ്ചായത്ത് വിഹിതം | 1908000 | 0 |
| | | മറ്റുള്ളവ | 840000 | 0 |
| | | ആകെ | 3034341 | 100647 |

ബിൽ നമ്പർ 16/06.07.2020 പ്രകാരം (തുക 4400) 2600 രൂപയ്ക്ക് 50 രസീത് ബുക്കുകൾ പ്രിന്റ് ചെയ്തു.

എ) ഗുണഭോക്തൃ വിഹിതം കളക്ട് ചെയ്യുന്നതിന് ബ്ലോക്ക് പഞ്ചായത്തിലെ രസീത് ബുക്കുകൾ ഉപയോഗിക്കാതെ പ്രത്യേകമായി പ്രിന്റ് ചെയ്തു.

ബി) പ്രസ്തുത പ്രോജക്ടിനായി ഗുണഭോക്തൃ വിഹിതമിനത്തിൽ ചെലവ് ഇല്ല. ഗുണഭോക്തൃ വിഹിതമിനത്തിൽ കളക്ട് ചെയ്ത തുകയുടെ വിശദാംശം ലഭ്യമാക്കിയില്ല.

8)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 32/21 |
| പ്രോജക്റ്റിന്റെ പേര് | പട്ടിക ജാതി രോഗികൾക്ക് അടിസ്ഥാന സൌകര്യമൊരുക്കൽ |
| അടങ്കൽ | 500000 |

| | |
|---|---|
| ചെലവ് | 499592 |
| ബിൽ നമ്പർ | 30/26-8-20-313002<br>92/-3-3-21-13419<br>14/9-6-20-134119 |

ചിറയിൻകീഴ് ആശുപത്രിയിൽ വരുന്ന താഴ്ന്ന വരുമാനക്കാരായ പട്ടിക ജാതി രോഗികൾക്ക് ക്ളിനിക്കൽ ഇൻവെസ്റ്റിഗേഷൻസ് സൌജന്യമായി ചെയ്തുകൊടുക്കുന്നതിന് ഒരു രോഗിക്ക് പരമാവധി 1000 രൂപയുടെ ക്ളിനിക്കൽ ഇൻവെസ്റ്റിഗേഷൻസ് സൌജന്യമായി നൽകുന്നതിനാണ് പദ്ധതി. പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ കണ്ടു .

എ) സ ഉ (കൈ)22/2018 തസ്വഭവ 14-2-18 ഖണ്ഡിക 7-5-3 പ്രകാരം ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് മരുന്നുകൾ വാങ്ങാൻ തുക ചെലവഴിക്കാവുന്നത്. ഫയൽ പരിശോധിച്ചതിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റ് ലഭ്യമല്ല

ബി)നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഇന്റന്റ് നൽകി രണ്ട് മാസം കഴിഞ്ഞിട്ടും മരുന്ന് ലഭ്യമല്ലെങ്കിൽ ഹോസ്പിറ്റൽ മാനേജിംഗ് കമ്മറ്റിയുടെ ശുപാർശ പ്രകാരം കാരുണ്യ *നീതി* /ജെൻ ഔഷധി മെഡിക്കൽ സ്റ്റോറിൽ നിന്നും അടിയന്തിര സാഹചര്യം മറികടക്കാൻ മാത്രമായി മരുന്ന് വാങ്ങാവുന്നതാണ് ( ഖണ്ഡിക 7-5-4). എന്നാൽ മേൽ പറഞ്ഞ നിർദ്ദേശങ്ങളൊന്നും പാലിക്കാതെയാണ് മരുന്ന് വാങ്ങൽ നടത്തിയത്.

സി) പദ്ധതി പ്രകാരം റെമൈഡെക്സ് ഫാർമ, ഡിസയർ ഡയഗ്നോസ്റ്റിക്സ് എന്നീ സ്ഥാപനങ്ങളിൽ നിന്നാണ് മരുന്ന് വാങ്ങിയിരിക്കുന്നത്. ഏകദേശം അഞ്ചു ലക്ഷത്തിനടുത്ത് മരുന്ന വാങ്ങിയതിന് ടെണ്ടർ നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങളൊന്നും തന്നെ ലഭ്യമാക്കിയില്ല. (ടെണ്ടർ നോട്ടീസ്, ലഭിച്ച ടെണ്ടറുകൾ, ടെണ്ടർ ഫീസ് അടവാക്കിയതിന്റെ വിവരം, ഇ എം ഡി, എസ് ഡി എന്നിവ അടവാക്കിയതിന്റെ വിവരം)

ഡി) സുലേഖ പ്രകാരം പുതിയ പ്രോജക്റ്റ് ആയാണ് രേഖപ്പെടുത്തൽ ഉള്ളത്. എന്നാൽ റെമൈഡെക്സ് ഫാർമ എന്ന സ്ഥാപനത്തിനു നൽകിയ സപ്ലൈ ഓർഡറിലും സ്ഥാപനത്തിന്റെ ഇൻവോയ്സുകളിലും 9/19, 10/19, 11/19, 12/19 എന്നിങ്ങനെയാണ് തീയതി രേഖപ്പെടുത്തിയിട്ടുള്ളത് . സ്പിൽ ഓവർ പ്രോജക്റ്റ് അല്ലാതിരുന്നിട്ടുകൂടി മുൻ വർഷത്തെ തിയ്യതിയിൽ ഉള്ള ഇൻവോയ്സുകൾക്ക് തുക അനുവദിച്ചതിന്റെ കാരണ വ്യക്തമല്ല

ഇ)മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ മരുന്നുകൾ എല്ലാം തന്നെ ലാബിലേക്ക് ഇഷ്യു ചെയ്തുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് . വിതരണ വിവരം രേഖപ്പെടുത്തിയ സബ് സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല .

എഫ്) എസ് സി പി ഫണ്ടുപയോഗിച്ച് വാങ്ങിയ ടി മരുന്ന് എസ്സി കമ്മ്യൂണിറ്റിയിൽ പെട്ട എത്ര പേർക്ക് വിതരണം നടത്തി എന്നത് വ്യക്തമല്ല. ഫയലിൽ ലഭ്യമാക്കിയ സൂപ്രണ്ട് സാക്ഷ്യപ്പെടുത്താത്ത സ്കീം വൈസ് ബിൽ സ്റ്റാറ്റിറ്റിക്സിൽ AAY എന്ന് മാത്രം രേഖപ്പെടുത്തിയിട്ടുണ്ട് . ആയതിൽ നിന്നും എസ് സി ഗുണഭോക്താക്കളുടെ വിവരം ലഭ്യമല്ല.

വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് (നമ്പർ 36/16.04.2022/34/16-4-22) മറുപടി ലഭ്യമാക്കിയില്ല.

മേൽ അപാകങ്ങൾക്ക് വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 ഇല്ല

-

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഇല്ല

-

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര് | ലഭിച്ച തുക | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| *കിഴവിലം ഗ്രാമ പഞ്ചായത്ത് | പ്രധാനമന്ത്രി ആവാസ് യോജന | 770000 | 700000 | 70000 |
| ആകെ | | 770000 | 700000 | 70000 |

ബ്ലോക്ക് പഞ്ചായത്ത് തയ്യാറാക്കിയ പെർഫോർമ പ്രകാരമുള്ള തുകയാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ പ്രസ്തുത തുക സുലേഖാ ചെലവ് പത്രികയിലോ വാർഷിക ധനകാര്യ പത്രികയിലോ ഉൾപ്പെട്ടിട്ടില്ല. സംയുക്ത പദ്ധതകൾക്കായി 2020-21 AFS പ്രകാരം ഗ്രാമപഞ്ചായത്ത് വിഹിതം 1132974/- രൂപ വരവ് ഉണ്ട്. എന്നാൽ AFS-ൽ ഈ പദ്ധതികൾക്ക് ചെലവ് രേഖപ്പെടുത്തിയിട്ടില്ല. 2020-21 B4 ഷെഡ്യൂളിൽ ഗ്രാമപഞ്ചായത്ത് വിഹിതം 1132974/- രൂപ ബാലൻസ് നിൽക്കുന്നു. ആയതിനാൽ ബ്ലോക്ക് പഞ്ചായത്ത് നൽകിയ പ്രൊഫോർമ പ്രകാരം ഉള്ള വരവ് ചെലവ് തുകകളുടെ വിശദാംശങ്ങൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | വർഷം | ചെലവഴിച്ച തുക | ബാക്കി തുക |
|---|---|---|---|---|---|
| KWA | വടക്കേ അരയത്തുരുത്തി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 439789 | 2020-21 | 0 | 439789 |
| KWA | ഇടയ്ക്കോട് കൊടിക്കകം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 147050 | 2020-21 | 0 | 147050 |

| | | | | | |
|---|---|---|---|---|---|
| KWA | മാമം നട കരിശിയോട് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 246341 | 2020-21 | 0 | 246341 |
| KWA | കുഴിവിള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 199856 | 2020-21 | 0 | 199856 |
| KWA | ആയിക്കാട് തിട്ടയിൽ തൊടിയിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 197289 | 2020-21 | 0 | 197289 |
| KWA | വൃന്ദാവനം റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 289106 | 2020-21 | 0 | 289106 |
| KWA | മാമം ശിവൻകോവിൽ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 145557 | 2020-21 | 0 | 145557 |
| KWA | തകരപ്പറമ്പ് ചിലക്കൂർ വിളാകം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 197188 | 2020-21 | 0 | 197188 |
| KWA | കല്ലൂർക്കോണം തെക്കുംകര റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 149245 | 2020-21 | 0 | 149245 |
| KWA | കോണത്ത് റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 149344 | 2020-21 | 0 | 149344 |
| KWA | കണ്ണൻവിളാകം പടന്നയിൽഭാഗം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 198375 | 2020-21 | 0 | 198375 |
| KWA | അരയത്തുരുത്തികോൺവെന്റ് മുതൽലക്ഷം വീട് വരെയുള്ള ഭാഗം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 148162 | 2020-21 | 0 | 148162 |
| | ആകെ | 2507302 | | 0 | 2507302 |

മുൻ വർഷം കേരളാ വാട്ടർ അതോറിറ്റിക്ക് മുൻകൂർ ആയി നൽകിയ തുകയിൽ 2019-20 AFS പ്രകാരം അവശേഷിക്കുന്ന തുക 734586/-, 2020-21 ലെ B 18 പ്രകാരമുള്ള തുക 3241888/-. മേൽ തുകകൾക്ക് വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റ് തീയതിയിലും ലഭിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2020-21 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പാ തുകയുടെയും വിവരം

| വായ്പയുടെ പേര് /ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഇ എം എസ് ഭവന പദ്ധതി | G.O.No. 1523/2010/LSG തീയതി 05.05.2010 | 5463350 | 546335 | 546335 | 0 |
| ഐ എ വൈ ലോൺ (ചിറയിൻകീഴ് എസ് | G.O.No. 1523/2010/LSG | 7867950 | 4720770 | 786795 | 2360385 |

| | | | | | |
|---|---|---|---|---|---|
| സി ബി) | തീയതി 29.07.2013 | | | | |
| ഐ എ വൈ ലോൺ (ഇടയ്ക്കോട്എസ് സി ബി) | - | 15716148 | 11394147 | 3853526 | 7540621 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 12852055 |
| ഓഡിറ്റ് വർഷത്തെ വരവ് | 79696469 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 75458800 |
| നീക്കിയിരിപ്പ് | 17089724 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5620138 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | | |
|---|---|---|---|
| | | | |
| 1-18 | 3067302 | ശ്രീ. ലെനിൻ.എൽ., സെക്രട്ടറി | |
| 1-20 | 100000 | ശ്രീ. ലെനിൻ.എൽ., സെക്രട്ടറി | |
| 1-21 | 300000 | ശ്രീ. ലെനിൻ.എൽ., സെക്രട്ടറി | |
| 1-27 | 1622610 | 1104860 | ശ്രീമതി രാജലക്ഷ്മി.എം.,<br>ശിശുവികസന പ്രോജക്ട് ഓഫീസർ |
| | | 517750 | ശ്രീമതി അർച്ചന.എ.ആർ.,<br>ശിശുവികസന പ്രോജക്ട് ഓഫീസർ |
| 1-28 | 92726 | ശ്രീമതി രാജലക്ഷ്മി.എം.,<br>ശിശുവികസന പ്രോജക്ട് ഓഫീസർ | |
| 1-29 | 437500 | ശ്രീമതി വിമലകുമാരി അമ്മാൾ.കെ.,<br>ക്ഷീര വികസന ഓഫീസർ | |
| ആകെ | 56201378 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം<br>മേൽവിലാസം |
|---|---|---|
| ശ്രീ.ലെനിൻ.എൽ., സെക്രട്ടറി | സെക്രട്ടറി,<br>ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് | പുത്തൻവീട്,<br>കഠിനംകുളം,<br>പുതുക്കുറിച്ചി.പി.ഒ. |
| ശ്രീമതി രാജലക്ഷ്മി.എം.,<br>ശിശുവികസന പ്രോജക്ട് ഓഫീസർ | ലഭ്യമല്ല | ശരത് ഭവൻ,<br>വക്കം.പി.ഒ.<br>തിരുവനന്തപുരം |
| ശ്രീമതി അർച്ചന.എ.ആർ.,<br>ശിശുവികസന പ്രോജക്ട് ഓഫീസർ | ലഭ്യമല്ല | ലഭ്യമല്ല |
| ശ്രീമതി വിമലകുമാരി അമ്മാൾ.കെ.,<br>ക്ഷീര വികസന ഓഫീസർ | ലഭ്യമല്ല | മുത്തൂസ് വില്ല,<br>മുരുക്കുംപുഴ.പി.ഒ.,<br>തിരുവനന്തപുരം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018 തീയതി 20.01.2018 | 3 |
| 1998-99 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 1 |
| 2000-01 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 2 |
| 2001-01 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 1 |
| 2002-03 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 1 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 3 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 5 |
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 3 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 3 |
| 2008-09 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 2 |
| 2009-10 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 4 |

| | | |
|---|---|---|
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 2 |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 2 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ബി.പി./474/2018, തീയതി 20.01.2018 | 3 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ബി.പി./259/2017, തീയതി 23.08.2018 | 10 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ബി.പി./1995/2017, തീയതി 18.12.2018 | 13 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ബി.പി./202/2019, തീയതി 22.05.2020 | 24 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ബി.പി./806/2020, തീയതി 14.08.2020 | 29 |
| 2019-20 | കെ.എസ്.എ.ടി.വി.എം/ബി.പി /265 /2022 തീയതി | 44 |

ജോയിന്റ് ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
തിരുവനന്തപുരം

എസ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ജോയിന്റ് ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്